പന്ത്രണ്ടാം കേരള നിയമസഭ

# ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി
# (2009–2011)

## മൂന്നാമത് റിപ്പോർട്ട്

(2010 മാർച്ച് 9–ാം തീയതി സഭയിൽ സമർപ്പിച്ചത്)

ഔദ്യോഗിക ഭാഷ മലയാളമാക്കുന്നതുമായി ബന്ധപ്പെട്ട് സമിതി
വിവിധ വകുപ്പുകളിൽ നിന്ന് നടത്തിയ തെളിവെടുപ്പിനെ
അടിസ്ഥാനമാക്കി തയ്യാറാക്കിയ
പഠന റിപ്പോർട്ട്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2010

പന്ത്രണ്ടാം കേരള നിയമസഭ

# ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി
# (2009-2011)

മൂന്നാമത് റിപ്പോർട്ട്

ഔദ്യോഗിക ഭാഷ മലയാളമാക്കുന്നതുമായി ബന്ധപ്പെട്ട് സമിതി വിവിധ
വകുപ്പുകളിൽ നിന്ന് നടത്തിയ തെളിവെടുപ്പിനെ അടിസ്ഥാനമാക്കി
തയ്യാറാക്കിയ പഠന റിപ്പോർട്ട്

565/2010.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .... | v |
| അവതാരിക | .... | vii |
| റിപ്പോർട്ട് | .... | 1 |
| അനുബന്ധം : | | |
| സമിതിയുടെ നിർദ്ദേശങ്ങളും ശുപാർശകളും | .... | 21 |

# ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി (2009-2011)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. പി. വിശ്വൻ

<u>അംഗങ്ങൾ</u> :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ
„ എ. പി. അബ്ദുള്ളക്കുട്ടി
„ പി. പി. അബ്ദുള്ളക്കുട്ടി
„ എ. പി. അനിൽകുമാർ
„ ബി. ബാബു പ്രസാദ്
„ എം. എം. മോനായി
„ കെ. സി. രാജഗോപാലൻ
„ എം. ഉമ്മർ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. രാജൻ, സെക്രട്ടറി
„ എം. അബ്ദുൽ റാഫി, ജോയിന്റ് സെക്രട്ടറി
ശ്രീമതി കെ. വിജയമ്മ, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീ. ജെ. ജെയിംസ്, അണ്ടർ സെക്രട്ടറി.

# അവതാരിക

ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ (2009–2011) അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സമിതി വിവിധ വകുപ്പുകളിൽ നിന്നും തെളിവെടുപ്പ് നടത്തിയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ടാണിത്.

2009 ഡിസംബർ മാസം 29-ാം തീയതി ചേർന്ന യോഗത്തിലാണ് സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചത്.

പി. വിശ്വൻ,

*അദ്ധ്യക്ഷൻ,*

*ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,

9–3–2010.

# റിപ്പോർട്ട്

സംസ്ഥാനത്തെ ഭരണഭാഷാമാറ്റത്തിന് നേതൃത്വം നൽകുന്നതിനും, അതുമായി ബന്ധപ്പെട്ട നടപടികൾ ത്വരിതപ്പെടുത്തുന്നതിനുമായി 2003 ജൂൺ മാസം 27-ാം തീയതി രൂപീകൃതമായതാണ് കേരള നിയമസഭയുടെ ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി. ഭരണഭാഷ പൂർണ്ണമായും മലയാളമാക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും സമിതിയുടെ ശക്തമായ ഇടപെടലുകൾ കൊണ്ട് ഇക്കാര്യത്തിൽ വളരെ ഏറെ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളതായി നാളിതുവരെയുള്ള അവലോകന യോഗങ്ങളിൽ നിന്നും സമിതി മനസ്സിലാക്കുന്നു.

2. ഭാഷാമാറ്റ പുരോഗതി വിലയിരുത്തുന്നതിനായി, സമിതി ചോദ്യാവലികൾ തയ്യാറാക്കി, അവ വിവിധ വകുപ്പുകൾക്ക് അയച്ചുകൊടുത്ത് വിവരങ്ങൾ ശേഖരിക്കുകയും, ഭരണ വകുപ്പുകളിലെ സെക്രട്ടറിമാരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും, ജില്ലാ ആസ്ഥാനങ്ങൾ സന്ദർശിച്ച്, വിവിധ വകുപ്പുകളിലെ ഭരണഭാഷാമാറ്റ പുരോഗതി നേരിട്ട് മനസ്സിലാക്കുന്നതിനായി തെളിവെടുപ്പ് നടത്തുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ 4 റിപ്പോർട്ടുകൾ ഇതിനകം സർക്കാരിന് സമർപ്പിച്ചു കഴിഞ്ഞു.

3. സർക്കാരിന്റെ 69 വകുപ്പുകളിലും, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, കേരള പിന്നോക്ക വിഭാഗ കമ്മീഷൻ, കേരള ലോകായുക്ത, കേരള വനിതാ കമ്മീഷൻ, ഓംബുഡ്സ്മാൻ എന്നീ സ്ഥാപനങ്ങളിലും ഭരണഭാഷ മലയാളമാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

4. നാളിതുവരെ നടത്തിയ തെളിവെടുപ്പുയോഗങ്ങളിൽ നിന്നും, കേരളത്തിലെ ഭരണഭാഷ മലയാളമാക്കി മാറ്റുന്നതിൽ കാര്യമായ പുരോഗതിയുണ്ടായിട്ടുള്ളതായി സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത യോഗങ്ങളിൽ പങ്കെടുത്ത എല്ലാ വകുപ്പുകളിൽ നിന്നും ഉയർന്നുവന്ന സാങ്കേതിക തടസ്സങ്ങളിൽ ഒന്നാണ് കോടതിയുമായി ബന്ധപ്പെട്ട കത്തിടപാടുകളും മറ്റും മലയാളമാക്കാൻ കഴിയുന്നില്ല എന്നത്. മറ്റൊന്ന്, കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ടവയാണ്. കോടതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കായി സമിതി ഇതിനകം ഹൈക്കോടതി രജിസ്ട്രാറുമായി ചർച്ച നടത്തുകയുണ്ടായി.

5. തെളിവെടുപ്പ് യോഗങ്ങളിൽ ചില വകുപ്പ് സെക്രട്ടറിമാർ പങ്കെടുക്കാത്തതിൽ സമിതി അസംതൃപ്തി രേഖപ്പെടുത്തുന്നു. വിവിധ വകുപ്പുകളിലെ ഭാഷാമാറ്റ പുരോഗതി സംബന്ധിച്ച് ചർച്ച നടത്തുന്ന തെളിവെടുപ്പ് യോഗങ്ങളിൽ നിർബന്ധമായും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ സന്നിഹിതരാകുന്നതിനുവേണ്ട നിർദ്ദേശം നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

6. 2006 ഡിസംബർ മുതൽ 2008 ഡിസംബർ വരെ നടന്ന തെളിവെടുപ്പ് യോഗങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയ റിപ്പോർട്ടാണിത്.

## മാദ്ധ്യമ പ്രവർത്തകരുമായി നടത്തിയ ചർച്ച

7. ഔദ്യോഗികഭാഷ മലയാളമാക്കുന്നതുമായി ബന്ധപ്പെട്ട് പത്രമാദ്ധ്യമങ്ങൾ ശക്തമായ നിലപാട് സ്വീകരിക്കുന്നതിനായി മാദ്ധ്യമ പ്രതിനിധികളുമായും ചർച്ച നടത്തുകയുണ്ടായി.

8. ഔദ്യോഗിക ഭാഷ മലയാളമാക്കുന്നത് സംബന്ധിച്ചുള്ള പത്രറിപ്പോർട്ടുകൾ കണ്ടിട്ടുണ്ടെങ്കിലും, ഔദ്യോഗികഭാഷ മലയാളമാക്കുന്ന കാര്യത്തിൽ പത്രമാദ്ധ്യമങ്ങൾ ശക്തമായ നിലപാട് സ്വീകരിക്കണമെന്നതാണ് സമിതിയുടെ അഭിപ്രായമെന്നും, എന്നാൽ, ഇത് പ്രയോഗിക തലത്തിൽ വരുമ്പോൾ വൈകൃതം സംഭവിക്കാൻ പാടില്ലായെന്നും സമിതി അഭിപ്രായപ്പെട്ടു.

9. ഭരണഭാഷ മലയാളമാക്കുന്നത് സംബന്ധിച്ച്, മാദ്ധ്യമപ്രവർത്തകർ നൽകിയ നിർദ്ദേശങ്ങളുടേയും അഭിപ്രായങ്ങളുടേയും വിശദാംശം ചുവടെ ചേർക്കുന്നു.

10. മലയാളഭാഷയ്ക്ക് ഇന്നേവരെ ഔദ്യോഗികമായിട്ടുള്ള ഒരു നിഘണ്ടുവോ, സർവ്വവിജ്ഞാനകോശമോ നിലവിലില്ലാത്തതിനാൽ പദങ്ങളെ സംബന്ധിച്ചിടത്തോളം ഒരു അംഗീകൃത പദാവലി വളരെ അത്യാവശ്യമാണെന്നും, ആയതിനാൽ, മലയാള ഭാഷയ്ക്ക് ഒരു സർക്കാർ 'സ്റ്റൈൽബുക്ക്' അത്യാവശ്യമാണെന്നും ചില വാക്കുകൾ മലയാളീകരിക്കുമ്പോൾ വികലമാകാറുണ്ടെന്നും, ആയതിനാൽ, എല്ലാ വാക്കുകളും മലയാളത്തിലാകണമെന്നത് പ്രായോഗികമല്ലെന്നും, സർക്കാർ ഉത്തരവുകൾ മലയാളത്തിലാക്കണമെന്നും, മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതിനുള്ള ശ്രമങ്ങൾ പൂർണ്ണമായി വിജയിക്കണമെങ്കിൽ സമയബന്ധിതമായി പ്രവർത്തിക്കണമെന്നും, സർക്കാർ മുൻകൈ എടുത്ത് ഔദ്യോഗികമായി ഒരു സ്റ്റൈൽബുക്ക് ഇറക്കണമെന്നും അത് പത്രപ്രവർത്തകർക്ക് നൽകണമെന്നും, സർക്കാർതലത്തിൽ കമ്പ്യൂട്ടറിന്റെ ഉപയോഗം വ്യാപകമാക്കിയിട്ടും മലയാളത്തിൽ ഉപയോഗിക്കത്തക്കവിധത്തിലുള്ള കമ്പ്യൂട്ടർ കീ ബോർഡ് വ്യാപകമാക്കിയിട്ടില്ലാത്തതിനാൽ, ഇതിനായി പ്രത്യേകം വികസിപ്പിച്ച് എടുത്ത സോഫ്റ്റ്‌വെയർ ഉപയോഗത്തിൽ വരുത്തണമെന്നും പത്രമാദ്ധ്യമ പ്രതിനിധികൾ സമിതിയെ അറിയിച്ചു.

11. ഭരണകാര്യങ്ങൾ സാധാരണക്കാരന് മനസ്സിലാക്കുവാൻ ഭാഷ മനസ്സിലാകേണ്ടതുണ്ടെന്നും, ആയതിന് ജനങ്ങളെ സഹായിക്കുകയാണ് സമിതിയുടെ ലക്ഷ്യമെന്നും, എല്ലാ പദങ്ങളും മലയാളീകരിക്കണമെന്ന നിർബന്ധം സമിതിക്കില്ലെന്നും സമിതി മാദ്ധ്യമ പ്രവർത്തകരെ അറിയിച്ചു.

12. വിപണിയിൽ 21 മലയാളം സോഫ്റ്റ്‌വെയറുകൾ നിലവിലുള്ളതിനാൽ, വിവരസാങ്കേതിക വകുപ്പും, ഔദ്യോഗിക ഭാഷാവകുപ്പും ചേർന്ന് സി-ഡിറ്റിന്റെ സാങ്കേതിക സഹായത്തോടുകൂടി നിർമ്മിച്ച ഔദ്യോഗികഭാഷ സോഫ്റ്റ്‌വെയറുകളായ 'നിളയും', 'കാവേരിയു'മാണ് പ്രധാന സോഫ്റ്റ്‌വെയറുകളായി അംഗീകരിച്ചിട്ടുള്ളതെന്നും, ഈ സോഫ്റ്റ്‌വെയറിൽ ഇൻസ്ക്രിപ്റ്റും, ഫൊണറ്റിക്ക്, ഇംഗ്ലീഷ് കീ ബോർഡും മലയാളം ഇ-മെയിൽ സൗകര്യവും ഉള്ളതായും, www.Click Keralam.org എന്ന വെബ്സൈറ്റിൽ നിന്നും സൗജന്യമായി ഡൗൺലോഡ് ചെയ്യാനുള്ള സൗകര്യം സർക്കാർ ചെയ്തിട്ടുള്ളതായും ഭാഷാ വിദഗ്ദ്ധൻ സമിതിയിൽ വ്യക്തമാക്കി. 1960-ലാണ് സർക്കാർ

400 പേജുള്ള ഒരു ഔദ്യോഗിക നിഘണ്ടു ആദ്യമായി തയ്യാറാക്കിയതെന്നും, അതിനുശേഷം ഇംഗ്ലീഷ് മലയാളം പഠനസഹായി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തയ്യാറാക്കിയ ശബ്ദതാരാവലി എന്നിവ പുറത്തിറക്കിയതായും, കൂടാതെ സർക്കാരിന്റെ വിവിധ രേഖകളിൽ ഉപയോഗിക്കുന്ന എല്ലാത്തരം കത്തിടപാടുകളുടേയും ഇംഗ്ലീഷ് മാതൃകയും മലയാളം മാതൃകയും ഉൾപ്പെടുത്തിയിട്ടുള്ള ഒരു പുസ്തകവും ഇറക്കിയിട്ടുള്ളതായും ഭാഷാവിദഗ്ദ്ധൻ സമിതിയെ അറിയിച്ചു.

13. മലയാളത്തിൽ ഔദ്യോഗിക നിഘണ്ടു, സർവ്വവിജ്ഞാനകോശം, സ്റ്റൈൽ ബുക്ക് എന്നിവ പരിഷ്ക്കരിച്ചു പ്രസിദ്ധീകരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

14. സംസ്ഥാന തലത്തിലും, താലൂക്കുതലത്തിലും ഒരു ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി പ്രവർത്തിക്കുന്നുണ്ടെന്നും, അതിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

## ധനകാര്യ വകുപ്പ്

15. ധനകാര്യ വകുപ്പിൽ, മലയാളത്തിൽ ലഭിക്കുന്ന അപേക്ഷകൾക്ക് മലയാളത്തിൽ തന്നെ മറുപടി നൽകിവരുന്നുണ്ടെന്നും, ബഡ്ജറ്റും, നിയമസഭ സംബന്ധമായ രേഖകളും മലയാളത്തിലും ഇംഗ്ലീഷിലും തയ്യാറാക്കാറുണ്ടെന്നും, കെ.എസ്.ആർ. സംബന്ധിച്ച് നിലവിൽ മലയാള പരിഭാഷയുണ്ടെന്നും ട്രഷറി കോഡും, ബഡ്ജറ്റ് മാനുവലും മലയാളത്തിലാക്കുവാനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ച് കഴിഞ്ഞുവെന്നും, വകുപ്പിലെ 90% നോട്ട് ഫയലുകളും മന്ത്രിസഭയുടെ പരിഗണനയിലുള്ള കാര്യങ്ങളെ സംബന്ധിക്കുന്ന നോട്ടുകളും മലയാളത്തിലാണെങ്കിലും, ബഹുമാനപ്പെട്ട ഗവർണർക്ക് നൽകുവാനുള്ള ഫയലുകളും, കേന്ദ്ര ഗവൺമെന്റുമായിട്ടുള്ള കത്തിടപാടുകളും, ധനകാര്യ കമ്മീഷനെ സംബന്ധിക്കുന്ന മെമ്മോറാണ്ടങ്ങളും, കത്തിടപാടുകളും ഇംഗ്ലീഷിലാണ് കൈകാര്യം ചെയ്യുന്നതെന്നും, വകുപ്പിന്റേതായ സാങ്കേതിക പദകോശം പ്രസിദ്ധീകരിച്ചിട്ടില്ലെന്നും, ഭാഷാമാറ്റ പുരോഗതി അവലോകനം ചെയ്യുവാൻ യോഗം കൂടാറില്ലെങ്കിലും, ആയത് സംബന്ധിച്ച് അതത് മാസത്തിലെ റിപ്പോർട്ടുകൾ സമർപ്പിക്കാറുണ്ടെന്നും, വകുപ്പിലെ ബോർഡുകൾ ഇംഗ്ലീഷിലും മലയാളത്തിലും എഴുതാറുണ്ടെന്നും, പൊതുവിൽ മലയാളം കൈകാര്യം ചെയ്യുന്നതിൽ അനുകൂലമായ നിലപാടാണ് വകുപ്പിനുള്ളതെന്നും ഉദ്യോഗസ്ഥരുടെ വിശദീകരണത്തിൽ നിന്നും സമിതി മനസ്സിലാക്കി.

## ട്രഷറി വകുപ്പ്

16. വകുപ്പിൽ സാർവത്രികമായി മലയാളമാണ് ഉപയോഗിക്കുന്നതെന്നും റിസർവ്വ് ബാങ്ക്, മറ്റ് ബാങ്കുകൾ, അക്കൗണ്ടന്റ് ജനറൽ ഓഫീസ് എന്നിവയുമായിട്ടുള്ള എഴുത്തുകുത്തുകൾ ഇംഗ്ലീഷിലാണെന്നും, പെൻഷനായവർക്കും, മറ്റ് പൊതുജനങ്ങൾക്കുമുള്ള കത്തുകൾ മലയാളത്തിലാണെന്നും വകുപ്പിലെ ബോർഡുകളിലെല്ലാം മലയാളം ലിപിയാണ് ഉപയോഗിക്കുന്നതെന്നും കമ്പ്യൂട്ടറുകളിൽ മലയാളം സോഫ്റ്റ്വെയർ സ്ഥാപിച്ചുവരുന്നതായും, ഔദ്യോഗികഭാഷാ വാരാഘോഷത്തിന്റെ ഭാഗമായി മലയാള ഭാഷയുടെ പ്രചരണാർത്ഥം പ്രഭാഷണങ്ങളും ലേഖന മത്സരങ്ങളും സംഘടിപ്പിക്കാ

റുള്ളതായും, മലയാളഭാഷ കൂടുതൽ കൈകാര്യം ചെയ്യുന്നവർക്കായി അവാർഡ് നൽകുന്ന സമ്പ്രദായം നടപ്പിലാക്കിയിട്ടുള്ളതായും, വകുപ്പിൽ നടക്കുന്ന യോഗങ്ങളുടെ മിനിട്ട്സ് മലയാളത്തിൽ തന്നെ തയ്യാറാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുള്ളതായും ശമ്പളം, പ്രോവിഡന്റ് ഫണ്ട് ഡിഡക്ഷൻ ഫോം, ബിൽ ഫോം എന്നിവയെല്ലാം മലയാളത്തിലാണെന്നും ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

17. മലയാളഭാഷാമാറ്റ പുരോഗതി കൈവരിക്കുന്നുവെന്ന് പറയുമ്പോഴും ചെക്ക്, പെൻഷൻ ഫാറം, ചെലാൻ ഫാറം എന്നിവയൊന്നും തന്നെ ഇപ്പോഴും മലയാളത്തിലല്ലെന്ന വസ്തുത സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ട്രഷറി വകുപ്പിൽ പൊതുജനങ്ങളുമായി ബന്ധപ്പെട്ട് ഉപയോഗിക്കുന്ന എല്ലാ ഫോറങ്ങളും മലയാളത്തിൽ ആക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

## ദേശീയ സമ്പാദ്യ ഡയറക്ടറുടെ കാര്യാലയം

18. വകുപ്പിൽ 92 ശതമാനം ഫയലുകളും മലയാളത്തിലാണെന്നും, പോസ്റ്റോഫീസ്, നാഷണൽ സേവിംഗ്സ് ഓർഗനൈസേഷൻ മുതലായ കേന്ദ്ര ഗവൺമെന്റ് സ്ഥാപനങ്ങൾ, സി.ആന്റ്.എജി, അക്കൗണ്ടന്റ് ജനറൽ എന്നിവരുമായിട്ടുള്ള കത്തിടപാടുകൾ ഇംഗ്ലീഷിലാണ് നടത്താറുള്ളതെന്നും, പോസ്റ്റോഫീസ് ഏജന്റുമാരുമായി മലയാളത്തിൽ കത്തിടപാടുകൾ നടത്താറുണ്ടെന്നും, മലയാള വാരാഘോഷം നടത്താറുണ്ടെന്നും, വാഹനങ്ങളുടേയും ഓഫീസുകളുടേയും ബോർഡുകൾ മലയാളത്തിലാണെന്നും, പാസ്സ് ബുക്ക് അച്ചടിച്ച് ലഭ്യമാക്കുന്നത് പോസ്റ്റൽ വകുപ്പായതിനാൽ, ഇംഗ്ലീഷിലാണെന്നും ഉദ്യോഗസ്ഥൻ സമിതിയെ ധരിപ്പിച്ചു.

19. പോസ്റ്റോഫീസ് എന്ന ബോർഡ് മൂന്ന് ഭാഷകളിലും എഴുതുമ്പോൾ പാസ്സ് ബുക്കിലെ നിർദ്ദേശങ്ങൾ കൂടി മലയാളത്തിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

20. ധനകാര്യ വകുപ്പിൽ ഫയൽ നടപടികൾ കൂടുതലും മലയാളത്തിലാണ് നടന്നുവരുന്നതെന്ന് സമിതി മനസ്സിലാക്കി. ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുന്നതിനുള്ള ശ്രമങ്ങൾ കൂടുതൽ ഊർജ്ജിതപ്പെടുത്തണമെന്നും, മണി ഓർഡർ ഫോമിലുള്ളതുപോലെ പാസ്സ് ബുക്കിലും, മലയാളത്തിനു കൂടി സ്ഥാനം ലഭിക്കത്തക്ക വിധത്തിൽ ഫലപ്രദമായ ഇടപെടൽ വകുപ്പിന്റെ ഭാഗത്തു നിന്നും ഉണ്ടാകണമെന്നും ബിൽഫോം മലയാളത്തിലാക്കുവാനുള്ള ശ്രമങ്ങൾ നടത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## ആഭ്യന്തര വകുപ്പ്

21. ഭരണഭാഷ മലയാളമാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിന്റെ ഭാഗമായി നടത്തിയ ജില്ലാതല പരിശോധനയുടെ ഒരു ഘട്ടം പൂർത്തിയായതിൽ നിന്നും, സെക്രട്ടേറിയറ്റിലെ ആഭ്യന്തര ഭരണ വകുപ്പാണ് ഈ മേഖലയിൽ കൂടുതൽ വീഴ്ച വരുത്തിയിട്ടുള്ളതെന്ന് സമിതി കരുതുന്നുവെന്നും ആയതിനാൽ, ഇതുവരെ ആഭ്യന്തര വകുപ്പ് കൈവരിച്ച പുരോഗതി സംബന്ധിച്ച വിശദീകരണം സമിതിക്ക് നൽകണമെന്നും ആഭ്യന്തര വകുപ്പ് ഉദ്യോഗസ്ഥരോട് സമിതി ആവശ്യപ്പെട്ടു.

22. വകുപ്പിൽ ഭരണഭാഷ മലയാളമാക്കുന്നതുമായി ബന്ധപ്പെട്ട്, ത്രൈമാസ കണക്കുകളുടെ അവലോകനം നടത്താറുണ്ടെന്നും, കേന്ദ്രസർക്കാർ, കോടതി, മറ്റ് സംസ്ഥാനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് നടത്തുന്ന കത്തിടപാടുകൾ, ഫോറൻസിക് ലബോറട്ടറിയുമായി ബന്ധപ്പെട്ട സാങ്കേതിക പദങ്ങൾ ഉൾപ്പെട്ട റിപ്പോർട്ടുകൾ തുടങ്ങിയ കാര്യങ്ങൾ മലയാളത്തിൽ കൈകാര്യം ചെയ്യുവാൻ നിവൃത്തിയില്ലായെന്നും, വകുപ്പിന്റേതായ സാങ്കേതിക പദകോശം ഉൾക്കൊള്ളിച്ച പദാവലി നിലവിലില്ല എന്നും സമിതിയിൽ വ്യക്തമാക്കപ്പെട്ടു.

23. പോലീസ് വകുപ്പിലെ ഫയലുകളിൽ 60% മലയാളത്തിലാണ് കൈകാര്യം ചെയ്യുന്നതെന്നും, വകുപ്പിൽ ലഭിക്കുന്ന പരാതികളും, പരാതികളിന്മേലുള്ള നടപടികളും മലയാളത്തിൽ തന്നെയാണ് കൈകാര്യം ചെയ്തുവരുന്നതെന്നും കമ്പ്യൂട്ടറുകളിൽ മലയാളം സോഫ്റ്റ്വെയർ സ്ഥാപിച്ചിട്ടുണ്ടെന്നും ഒഴിവാക്കാൻ കഴിയാത്ത സാഹചര്യങ്ങളൊഴിച്ച് സംസ്ഥാനത്തെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട ഫയലുകളെല്ലാം മലയാളത്തിലാണ് കൈകാര്യം ചെയ്യുന്നതെന്നും സമിതിയിൽ വ്യക്തമാക്കപ്പെട്ടു. ജില്ലാ ഓഫീസുകളിലെ 90% ഫയലുകളും മലയാളത്തിലാണെന്നും, പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ മറ്റ് സംസ്ഥാനങ്ങളും, ഹൈക്കോടതിയുമായി കൂടുതൽ കത്തിടപാടുകൾ നടത്തേണ്ടി വരുന്നതിനാൽ, ഈ ശതമാനത്തിൽ നേരിയ കുറവുള്ളതായും, വകുപ്പിലെ 260 ഫോമുകളിൽ, 117 എണ്ണം മലയാളത്തിലാണെന്നും സമിതിയിൽ വ്യക്തമാക്കപ്പെട്ടു. എഫ്. ഐ. ആർ. മുതൽ ചാർജ്ജ് ഷീറ്റ് വരെയുള്ള എല്ലാ നടപടികളും മലയാളത്തിലാണെന്നും ധാരാളം സാങ്കേതിക പദങ്ങൾ ഉൾപ്പെട്ടതിനാൽ പോസ്റ്റുമോർട്ടം റിപ്പോർട്ട് ഇംഗ്ലീഷിലാണെന്നും, എന്നാൽ മഹസ്സർ തയ്യാറാക്കുന്നത് മലയാളത്തിലാണെന്നും ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

24. കെമിക്കൽ എക്സാമിനേഷൻ ലബോറട്ടറിയിൽ ഉപയോഗിച്ചുവരുന്ന സാങ്കേതിക പദങ്ങൾ മലയാള ലിപിയിൽ എഴുതി പരിശോധന റിപ്പോർട്ട് മലയാളത്തിൽ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ജയിൽ വകുപ്പ്

25. വകുപ്പിൽ കൈകാര്യം ചെയ്യുന്ന ഫയലുകളിൽ, 5759 ഫയലുകൾ ഇംഗ്ലീഷിലും, 3101 ഫയലുകൾ മലയാളത്തിലുമാണെന്നും, ഗവൺമെന്റിൽ നിന്നും ഇംഗ്ലീഷിൽ വരുന്ന കത്തുകൾക്ക് ഇംഗ്ലീഷിൽ മറുപടി നൽകി വരുന്നതായും, ജയിൽ നിയമം നിലവിൽ ഇംഗ്ലീഷിലാണെന്നും, അവ മലയാളത്തിലേക്ക് തർജ്ജമ ചെയ്യേണ്ടതുണ്ടെന്നും, മലയാളത്തിലേക്ക് തർജ്ജമ ചെയ്യുമ്പോൾ, ആശയത്തിന് വ്യത്യാസം വരുന്നതായും, സമിതിയിൽ വ്യക്തമാക്കപ്പെട്ടു.

26. എല്ലാ ഇംഗ്ലീഷ് പദങ്ങൾക്കും ഉചിതമായ മലയാള പദങ്ങളിലില്ലാത്തതിനാൽ ചില പ്രയോഗങ്ങൾ മലയാളലിപിയിൽ തന്നെ എഴുതുന്നതാണ് അഭികാമ്യമെന്നും, ജയിൽ വകുപ്പിലെ ചട്ടങ്ങളുടെയും മാനുവലുകളുടെയും മലയാള പരിഭാഷ എത്രയും വേഗം തയ്യാറാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

27. പൊതുജനങ്ങളുമായി ഏറെ സമ്പർക്കമുള്ള വകുപ്പുകളായ റവന്യൂ, പഞ്ചായത്ത്, പോലീസ്, സഹകരണം, ഗ്രാമവികസനം, സാമൂഹ്യക്ഷേമം എന്നീ വകുപ്പുകളിൽ 2005 ഡിസംബർ 31 -ന് മുമ്പായി പൂർണ്ണമായ ഭാഷാമാറ്റം നടപ്പിലാക്കണമെന്ന്

നിർദ്ദേശിച്ചിരുന്നതായും, അതിൽ പഞ്ചായത്ത്, റവന്യൂ, സഹകരണം, ഗ്രാമവികസനം, സാമൂഹ്യക്ഷേമം എന്നീ വകുപ്പുകളിൽ 90-95% പുരോഗതി കൈവരിച്ചപ്പോൾ, ആഭ്യന്തര വകുപ്പിന്റെ കീഴിൽ വരുന്ന 1-12-1993 മുതൽ വിജ്ഞാപനം പുറപ്പെടുവിച്ച പോലീസ് വകുപ്പിൽ 84%, 1-11-1987 മുതൽ വിജ്ഞാപനം പുറപ്പെടുവിച്ച ജയിൽ വകുപ്പിൽ 94%, 1-12-1993 മുതൽ വിജ്ഞാപനം പുറപ്പെടുവിച്ച വിജിലൻസ് വകുപ്പിൽ 67%, 1-11-1987 മുതൽ വിജ്ഞാപനം പുറപ്പെടുവിച്ച ആഭ്യന്തര ഭരണ വകുപ്പിൽ 60% ഭാഷാമാറ്റ പുരോഗതി മാത്രമേ കൈവരിക്കുവാൻ സാധിച്ചിട്ടുള്ളുവെന്നും, ഭാഷാമാറ്റം നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ തുടരുന്നുവെങ്കിലും, ലക്ഷ്യസ്ഥാനത്ത് എത്താത്തത് നടപടിക്രമങ്ങളെക്കുറിച്ച് ശരിയായ ധാരണയില്ലാത്തതിനാലാണെന്നും ഭാഷാ വിദഗ്ധൻ സമിതിയെ ധരിപ്പിച്ചു.

28. ബ്രിട്ടീഷ് ഭരണത്തിനുശേഷവും ഇവിടെ ഇംഗ്ലീഷ് ഭാഷയുടെ ഉപയോഗം തുടരുകയാണെന്നും, അന്തർദ്ദേശീയ ബന്ധങ്ങളൊക്കെ ഇംഗ്ലീഷിലാണെങ്കിലും, സംസ്ഥാനത്തിനകത്ത് ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാൻ നിഷ്കർഷിച്ചിട്ടുള്ള സാഹചര്യങ്ങൾ ഒഴിച്ചുള്ള കത്തിടപാടുകൾ നിർബന്ധമായും മലയാളത്തിൽ തന്നെ ആയിരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

29. ആഭ്യന്തര വകുപ്പിലെ ഫയലുകൾ കൃത്യമായും മലയാളത്തിലാണോ കൈകാര്യം ചെയ്യുന്നതെന്ന് പരിശോധിച്ച് കൃത്യമായി മൂന്ന് മാസത്തിലൊരിക്കൽ റിപ്പോർട്ട് തയ്യാറാക്കുവാനും ഭാഷാമാറ്റ പുരോഗതി കുറവുള്ള വകുപ്പുകളിൽ സൂക്ഷ്മ പരിശോധന നടത്തുവാനും ഔദ്യോഗിക ഭാഷാ വകുപ്പിനോട് സമിതി പ്രത്യേകം നിർദ്ദേശിക്കുന്നു

## ഔദ്യോഗികഭാഷാമാറ്റത്തിനുതകുന്ന മലയാളത്തിലെ സോഫ്റ്റ് വെയറുകൾ

30. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ഭരണരംഗത്ത് മലയാളഭാഷ കൈകാര്യം ചെയ്യുന്നതിനുവേണ്ടി കേരള സർക്കാർ, ഔദ്യോഗിക ഭാഷ വകുപ്പിന്റെ നേതൃത്വത്തിൽ സി-ഡിറ്റിന്റെ സഹായത്തോടെ തയ്യാറാക്കിയിട്ടുള്ള സോഫ്റ്റ്വെയറുകളെ സംബന്ധിച്ച സി-ഡികളുടെ ഡെമോൺസ്ട്രേഷൻ നടത്തുകയും ആയത് സമിതി വിശദമായി വിലയിരുത്തുകയും ചെയ്തു.

31. നിള, കാവേരി, പെരിയാർ, പമ്പ, കബനി എന്നിങ്ങനെ അഞ്ചു ഘട്ടങ്ങളായി തയ്യാറാക്കിയിട്ടുള്ള ഈ സി.ഡികൾ പൂർണ്ണമായും പ്രാവർത്തികമാകുമ്പോൾ ഭരണ രംഗത്ത് ഭാഷയുടെ സാർവ്വത്രികമായ ഉപയോഗത്തിനും, പൊതുവായി മലയാളഭാഷയുടെ വളർച്ചയ്ക്കും വളരെയേറെ സഹായകമാകുമെന്നും ഭരണഭാഷാ വിദഗ്ധൻ സമിതിയെ അറിയിച്ചു.

32. ഇവയിൽ 'നിള', 'കാവേരി' എന്നീ സി.ഡികൾ പുറത്തിറക്കിയിട്ടുണ്ടെന്നും, പെരിയാർ എന്ന സി.ഡി തയ്യാറായിക്കൊണ്ടിരിക്കുകയാണെന്നും, കബനി, പമ്പ എന്നീ പ്രോജക്ടുകൾ ഇതുവരെ ആരംഭിച്ചിട്ടില്ലെന്നും ഈ സോഫ്റ്റ് വെയറുകൾ, www.click.keralam.org എന്ന വെബ്സൈറ്റിലൂടെ സൗജന്യമായി ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ ധരിപ്പിച്ചു.

33. 'നിള' സോഫ്റ്റ്‌വെയറിൽ ഇൻസ്ക്രിപ്റ്റ് ആൻഡ് ഫൊണറ്റിക് കീ ബോർഡും Conversion of ASCII to Unicode ഉം ഉണ്ടെന്നും മൈക്രോ സോഫ്റ്റ് വേർഡിന് തത്തുല്യമായതും സമ്പൂർണ്ണമായതും കാവേരി എന്ന സോഫ്റ്റ് വെയറാണെന്നും, ഇതിലൂടെ ഔദ്യോഗിക രേഖകൾ സൂക്ഷിക്കാൻ സാധിക്കുന്നതാണെന്നും, ആവശ്യമുള്ളപ്പോൾ കണ്ടന്റ്‌വൈസ് സെർച്ച് ചെയ്ത് എടുക്കാവുന്നതാണെന്നും ഇന്റഗ്രേറ്റ് മലയാളം സ്പെൽചെക്ക്, ഇംഗ്ലീഷ് മലയാളം ട്രാൻസ്ലേഷൻ അസിസ്റ്റന്റ് തുടങ്ങിയവ ഇവയിലുണ്ടെന്നും, കാവേരിയിൽ ബഹുഭാഷാ കീ ബോർഡ് നിലവിലുണ്ടെന്നും മലയാളത്തിലെ അക്ഷരത്തെറ്റുകളും വ്യാകരണത്തെറ്റുകളും കറക്റ്റ് ചെയ്യുന്നതിനും കേരളത്തിലെ സർക്കാർ സ്ഥാപനങ്ങളിലെ വെബ് ഡയറി, മലയാളം പര്യായപദങ്ങൾ, തെന്നിന്ത്യൻ ഭാഷാ ഡിക്ഷ്ണറി, യൂണിവേഴ്സൽ ഫോണ്ട് കൺവെർട്ടർ തുടങ്ങിയ സൗകര്യങ്ങൾ ഉള്ള സോഫ്റ്റ്‌വെയറുകൾ ഉണ്ടെന്നും ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

34. സി.ഡിറ്റ് നോർക്ക വകുപ്പിനുവേണ്ടി ചെയ്ത പ്രോജക്ടാണ് "എന്റെ മലയാളം" എന്നും കേരളത്തിന് പുറത്ത് താമസിക്കുന്നവർക്ക് മലയാളം എളുപ്പം പഠിക്കുന്നതിന് സഹായകരമാകുന്ന ഒരു വെബ്സൈറ്റാണിതെന്നും, "നമ്മുടെ മലയാളം" എന്ന സിഡി.യിൽ കേരളത്തിന്റെ കല, സംസ്കാരം എന്നിവയെക്കുറിച്ചുള്ള വിശദാംശങ്ങൾ അടങ്ങിയിട്ടുള്ളതായും, 8,9,10 എന്നീ ക്ലാസ്സുകളിലെ കുട്ടികൾക്കായി മലയാളം പാഠാവലി ആസ്പദമാക്കിയിട്ടുള്ള ഒരു സോഫ്റ്റ്‌വെയറും, ആരോഗ്യ വകുപ്പിനുവേണ്ടി "ആരോഗ്യശ്രീ" എന്ന ഒരു സോഫ്റ്റ്‌വെയറും സി-ഡിറ്റ് തയ്യാറാക്കിയിട്ടുണ്ടെന്നും സമിതിയിൽ വ്യക്തമാക്കപ്പെട്ടു. ഐ.ടി. മിഷനും, സ്പെയ്സും ചേർന്ന് മലയാളത്തിലെ കണ്ടന്റ് ഡിജിറ്റലൈസാക്കാൻ വേണ്ടി 8 കോടി രൂപയുടെ പ്രോജക്ടിനുവേണ്ട നടപടി സ്വീകരിച്ചിട്ടുള്ളതായും സമിതിയുടെ ചോദ്യത്തിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മറുപടി നൽകി.

35. നിളയുടെ പുതിയ വെർഷനിൽ, ടൈപ്പ്റൈറ്റർ കീബോർഡ് ഉൾപ്പെടുത്തുവാൻ തീരുമാനിച്ചിരിക്കുകയാണെന്നും, നിള, കാവേരി സോഫ്റ്റ്‌വെയറുകൾ എല്ലാ സർക്കാർ വകുപ്പുകളിലും ഉപയോഗിക്കുവാൻ സാധിക്കുമെന്നും ഇതിനായി ഉദ്യോഗസ്ഥർക്ക് രണ്ട് ദിവസത്തെ പരിശീലനം ആവശ്യമാണെന്നും, സർക്കാർ ഓഫീസുകളിൽ ഈ സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിന് സമിതി നിർദ്ദേശിക്കണമെന്നും ഉദ്യോഗസ്ഥർ സമിതിയോട് പ്രത്യേകം അഭ്യർത്ഥിക്കുകയുണ്ടായി.

36. 'നിള', 'കാവേരി' സോഫ്റ്റ് വെയറുകൾ എല്ലാ സർക്കാർ വകുപ്പുകളിലും ഉപയോഗിക്കുവാൻ സാധ്യമാക്കുന്നതിനായി ഉദ്യോഗസ്ഥർക്ക് രണ്ട് ദിവസത്തെ പരിശീലനം നൽകുന്നതിനും, സർക്കാർ ഓഫീസുകളിൽ ഈ സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## പൊതുമരാമത്ത് വകുപ്പ്

37. വകുപ്പിൽ ഭാഷമാറ്റ പുരോഗതി വിലയിരുത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനുമായി വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും, സെക്രട്ടേറിയറ്റിൽ നിന്നും അയയ്ക്കുന്ന എല്ലാ കത്തുകളും ഇംഗ്ലീഷിൽ അല്ലെന്നും, കത്തുകളും ഫയലുകളും മലയാളത്തിൽ തന്നെ കൈകാര്യം ചെയ്യുന്നുവെന്നും, സാങ്കേതിക പദങ്ങൾ കൂടുതലായി ആവശ്യം വരുന്ന

ഫയലുകൾ മാത്രമാണ് ഇംഗ്ലീഷിൽ കൈകാര്യം ചെയ്യുന്നതെന്നും, ഹൈക്കോടതിയുമായും, കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള ദേശീയപാത വികസന അതോറിറ്റി എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇംഗ്ളീഷിലാണെന്നും കെട്ടിടങ്ങൾക്കും, റോഡുകൾക്കും സാങ്കേതിക അനുമതി നൽകിക്കഴിഞ്ഞാൽ, അതിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഫയലുകൾ ഇംഗ്ളീഷിലാണ് കൈകാര്യം ചെയ്യുന്നതെന്നും, ആയതിനാൽ 22% ഫയലുകൾ മലയാളത്തിലും ബാക്കി 78% ഫയലുകൾ ഇംഗ്ളീഷിലുമാണ് കൈകാര്യം ചെയ്യുന്നതെന്നും അധികൃതർ സമിതിയെ അറിയിച്ചു.

38. പി.ഡബ്ള്യൂ.ഡി. കോഡും, മാനുവലും മലയാളീകരിക്കുവാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ടെന്നും എസ്റ്റിമേറ്റുകൾ ഇംഗ്ളീഷിലാണെന്നും, പി.ഡബ്ള്യൂ.ഡി. മാനുവൽ പ്രകാരം ദർഘാസുകൾ ഇംഗ്ളീഷിലാണ് തയ്യാറാക്കുന്നതെന്നും, മലയാള പത്രത്തിൽ പരസ്യം കൊടുക്കുമ്പോൾ മലയാളത്തിൽ ലഘു ദർഘാസ് പരസ്യങ്ങൾ നൽകാറുണ്ടെന്നും, ഷെഡ്യൂളും ടെൻഡർ നോട്ടീസുമെല്ലാം ഇംഗ്ലീഷിൽ തന്നെ നൽകുന്നുവെന്നും ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

39. തിരുവനന്തപുരത്തെ ചീഫ് ആഫീസിൽ നിന്നും, താഴെത്തട്ടിലേക്ക് വരുന്ന മുഴുവൻ കാര്യങ്ങളും ഇംഗ്ളീഷിലാണ് ലഭിക്കുന്നതെന്നും സെക്രട്ടേറിയറ്റിൽ നിന്നും വരുന്ന കത്തുകൾ കൂടുതലും ഇംഗ്ലീഷിലാണെന്നും പൊതുമരാമത്ത് വകുപ്പിന്റെ ജില്ലാ ഓഫീസുകളിൽ, പ്രാദേശികമായ കാര്യങ്ങളെല്ലാം മലയാളത്തിലാണ് കൈകാര്യം ചെയ്യുന്നതെന്നും ജില്ലാതല തെളിവെടുപ്പ് യോഗങ്ങളിൽ മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുള്ളതായി സമിതി അഭിപ്രായപ്പെട്ടു.

40. കോടിക്കണക്കിന് രൂപയുടെ ജോലികൾ ചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റുകൾ മലയാളത്തിൽ തയ്യാറാക്കുമ്പോൾ പൊതുമരാമത്ത് വകുപ്പിലെ ബുദ്ധിമുട്ട് എന്താണെന്നും പൊതുജനങ്ങൾക്ക് മനസ്സിലാകുന്ന വിധത്തിലുള്ള സംവിധാനം ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ലെന്നും, ഭരണാനുമതി, സാങ്കേതികാനുമതി എന്നീ പദങ്ങൾ പൊതുമരാമത്തിനായാലും, തദ്ദേശസ്വയംഭരണ വകുപ്പിനായാലും ഒന്നുതന്നെയാണെന്നും സമിതി അഭിപ്രായപ്പെട്ടു.

41. പൊതുമരാമത്ത് വകുപ്പ് മാത്രമാണ് നിയമസഭാ സമിതിയുമായി സഹകരിക്കാതിരിക്കുകയും പല കാര്യങ്ങളിലും, തികഞ്ഞ നിഷേധാത്മകമായ നിലപാടു സ്വീകരിക്കുകയും ചെയ്യുന്നതെന്നും ഭരണഭാഷ മലയാളമാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിലെ ഉദ്യോഗസ്ഥർ ബോധപൂർവ്വം എതിരാണെന്നും സമിതി അഭിപ്രായപ്പെട്ടു.

42. പൊതുജനങ്ങളുമായി അധികമായി ബന്ധപ്പെടുന്ന വകുപ്പെന്ന നിലയിൽ സംസ്ഥാനത്തിനകത്തുള്ള കത്തിടപാടുകളെല്ലാം തന്നെ മലയാളത്തിലായിരിക്കണമെന്നും, അതിൽ വളരെ മോശമായ പുരോഗതി നിരക്കുള്ള വകുപ്പെന്ന നിലയിൽ, പ്രസ്തുത ന്യൂനത പരിഹരിക്കുവാൻ വകുപ്പ് ഉദ്യോഗസ്ഥന്മാരിൽ നിന്നും ആത്മാർത്ഥമായ പരിശ്രമം ഉണ്ടാകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

43. സെക്രട്ടേറിയറ്റിലെ പൊതുമരാമത്ത് വകുപ്പിൽ നിന്നും ചീഫ് എഞ്ചിനീയർമാരുടെ ഓഫീസിൽ നിന്നും താഴെ തലങ്ങളിലേക്ക് അയയ്ക്കുന്ന കത്തുകൾ നിർബന്ധമായും മലയാളത്തിൽ തന്നെ നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

44. പി.ഡബ്ള്യൂ.ഡി. കോഡ്, മാനുവൽ, ഷെഡ്യൂൾ, ടെൻഡർ നോട്ടീസ് എന്നിവ എല്ലാം മലയാളത്തിൽ തർജ്ജമ ചെയ്യുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണമെന്നും ഇക്കാര്യത്തിലുള്ള പുരോഗതി ഔദ്യോഗിക ഭാഷാ വകുപ്പിനേയും സമിതിയേയും അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## ഗതാഗത വകുപ്പ്

45. വകുപ്പുമായി ബന്ധപ്പെട്ട ഏറ്റവും അത്യാവശ്യമായ ഇരുപതോളം ഫാറങ്ങൾ (മെഡിക്കൽ ചെക്കപ്പ്, മെഡിക്കൽ റീഇംബേഴ്സ്മെന്റ്, ഡ്രൈവിംഗ് ലൈസൻസ് തുടങ്ങിയവ) മലയാളത്തിലാക്കി സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളതായും, വാഹനങ്ങളെ സംബന്ധിക്കുന്ന സാങ്കേതിക പദങ്ങളിൽ പലതിനും സമാനമായ പദം കിട്ടുന്നില്ലെന്നും ആർ.സി. ബുക്കിന് അന്തർസംസ്ഥാന ഉപയോഗമുള്ളതിനാൽ, ഇംഗ്ലീഷിലാണെന്നും സമിതിയിൽ വ്യക്തമാക്കപ്പെട്ടു.

46. കെ.എസ്.ആർ.ടി.സി. ഓഫീസിൽ 75 ശതമാനം ഫയലുകളും മലയാളത്തിലാണ് കൈകാര്യം ചെയ്യുന്നതെന്നും, കണ്ടക്ടർമാർക്ക് നൽകുന്ന ചാർട്ടിൽ ഇംഗ്ളീഷും മലയാളവും ഉപയോഗിച്ചു വരുന്നുണ്ടെന്നും ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

47. കെ.റ്റി.ഡി.എഫ്.സി. സർക്കാരിന്റെ ഒരു ബാങ്കിംഗ് സ്ഥാപനമായതിനാൽ റിസർവ്വ് ബാങ്കുമായും, അന്യസംസ്ഥാനങ്ങളിലെ നിക്ഷേപകരുമായും ഉള്ള കത്തിടപാടുകൾ ഇംഗ്ലീഷിലാണെന്നും നോട്ട് ഫയൽ പരമാവധി മലയാളത്തിലാക്കിയിട്ടുണ്ടെന്നും ലോൺ അപേക്ഷകൾ ഇംഗ്ലീഷിൽ മാത്രമാണെന്നും, അവ ഇംഗ്ലീഷിലും മലയാളത്തിലും ആക്കുവാനുള്ള ശ്രമം നടത്തുമെന്നും ഉദ്യോഗസ്ഥർ അറിയിച്ചു.

48. ജലഗതാഗത വകുപ്പിൽ നൂറുശതമാനം ഫയലുകളും മലയാളത്തിലാണ് കൈകാര്യം ചെയ്യുന്നതെന്ന് അധികൃതർ സമിതിയെ അറിയിച്ചു.

49. കോടതി നടപടികൾ, അന്യസംസ്ഥാനങ്ങളിലേക്കും, കേന്ദ്ര ഗവൺമെന്റിലേക്കും, വിദേശത്തേയ്ക്കും അയയ്ക്കുന്ന കത്തുകളുടെ കുറിപ്പ് ഫയലുകൾ തുടങ്ങിയവ മലയാളത്തിൽ എഴുതിയാൽ അവ മലയാളത്തിലുള്ള ഫയലുകളായി കണക്കാക്കാവുന്നതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

50. ആർ.സി. ബുക്കിൽ ദ്വിഭാഷ ഉപയോഗിക്കണമെന്നും, കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നുള്ള വായ്പ അപേക്ഷ ഇംഗ്ലീഷിലും മലയാളത്തിലും തയ്യാറാക്കണമെന്നും ആർ.ടി. ഓഫീസിലെ ഡ്രൈവിംഗ് ലൈസൻസിനുള്ള അപേക്ഷാ ഫാറങ്ങൾ മലയാള ഭാഷയിലാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

51. വകുപ്പുമായി ബന്ധപ്പെട്ട എല്ലാ ഫാറങ്ങളും മലയാളത്തിൽ ആക്കുന്നതിനുള്ള നടപടി പൂർത്തിയാക്കി അച്ചടിച്ചു ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## സാംസ്കാരികകാര്യ വകുപ്പ്

52. വകുപ്പും, വകുപ്പിന് കീഴിലുള്ള മറ്റ് സാംസ്കാരിക സ്ഥാപനങ്ങളിലും പ്രകടമായ ഭാഷാമാറ്റം ഉണ്ടായതായും വകുപ്പിൽ മലയാളത്തിന്റെ ഉപയോഗം ഏതാണ്ട് 95 ശതമാനത്തിന് മുകളിലാണെന്നും, കേന്ദ്ര ഏജൻസികളുമായി ബന്ധപ്പെട്ട കത്തിടപാടുകൾക്കല്ലാതെ നിലവിൽ ഇംഗ്ലീഷ് ഭാഷ ഉപയോഗിക്കാറില്ലെന്നും, ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

53. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ മലയാളം സോഫ്റ്റ്‌വെയറും, മലയാളം ഫോണ്ടും, ഡി.റ്റി.പി. സെന്ററുകൾക്ക് പ്രവർത്തിപ്പിക്കുവാൻ കഴിയുന്ന തരത്തിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 'മലയാളം ഭാഷാ കമ്പ്യൂട്ടർ' എന്ന പ്രോജക്ട് നടത്തിവരുകയാണെന്നും, മലയാളത്തിന്റെ വെബ് കണ്ടന്റ് സമ്പുഷ്ടമാക്കുക എന്ന ലക്ഷ്യത്തോടെ ഒരു "വെബ് ജേർണൽ" ആരംഭിച്ചിട്ടുള്ളതായും, ഔദ്യോഗിക ഭാഷാ വകുപ്പ് പ്രസിദ്ധീകരിച്ചിരുന്ന 'ഭരണ ശബ്ദാവലി' ഇപ്പോൾ പുതിയ പദങ്ങൾ ഉൾക്കൊള്ളിച്ച് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചിരിക്കുന്നതായും ഉദ്യോഗസ്ഥൻ സമിതിയെ ധരിപ്പിച്ചു.

54. സാംസ്കാരികകാര്യ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളെല്ലാം തന്നെ പ്രത്യക്ഷമായും പരോക്ഷമായും മലയാളഭാഷയുടെ പ്രചരണം ഊർജ്ജിതമായി ചെയ്യുന്നുവെങ്കിലും, മലയാളഭാഷ നിലനിർത്തുന്നതിനും, ഭരണഭാഷ നൂറ് ശതമാനവും മലയാളമാക്കുന്നതിനുള്ള ശക്തമായ ഇടപെടലിനും വകുപ്പ് മന്ത്രിയുമായി കൂടിയാലോചിച്ചും സാഹിത്യ അക്കാദമിയുമായി ബന്ധപ്പെട്ടും ഒരു പദ്ധതി ഉണ്ടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണെന്നും ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു

55. ഔദ്യോഗികഭാഷ മലയാളമാക്കുന്നതിനും, മലയാള ഭാഷയോട് ആഭിമുഖ്യം വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളിൽ സാംസ്കാരികകാര്യ വകുപ്പിനും, വിദ്യാഭ്യാസ വകുപ്പിനും ശ്രദ്ധ ചെലുത്താൻ കഴിയണമെന്നും, അതിന് വിപരീതമായിട്ടുള്ള പ്രതികരണങ്ങളെ മറികടന്ന് മലയാളഭാഷയെ നിലനിർത്തുവാനും, ഭരണഭാഷ മലയാളമാക്കുന്നത് നൂറ് ശതമാനമാക്കുന്നതിനുമായി വകുപ്പുതലത്തിൽ ശക്തമായ ഇടപെടൽ അനിവാര്യമാണെന്നും സമിതി അഭിപ്രായപ്പെടുന്നു.

## വ്യവസായ വാണിജ്യ വകുപ്പ്

56. 2007 ഒക്ടോബർ മാസത്തെ കണക്കനുസരിച്ച് 51 ശതമാനം ഭാഷാമാറ്റ പുരോഗതി കൈവരിച്ചതായും, ഭരണ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെല്ലാം ഭരണഭാഷ മലയാളമാക്കിയിട്ടില്ലെന്നും, ബില്ലുകൾ മലയാളത്തിലാക്കുവാൻ അടിയന്തിര നിർദ്ദേശം നൽകുന്നതാണെന്നും, കേന്ദ്ര ഗവൺമെന്റും, കോടതിയുമായി ബന്ധപ്പെട്ട ഫയലുകൾ മാത്രമേ ഇംഗ്ലീഷിൽ കൈകാര്യം ചെയ്തുവരുന്നുള്ളൂവെന്നും, ഭരണ റിപ്പോർട്ടുകൾ ഇംഗ്ലീഷിലാണെന്നും, വകുപ്പിൽ ഔദ്യോഗികാവശ്യങ്ങൾക്ക് മലയാളം ഉപയോഗിക്കാത്തത് സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും പരാതിയൊന്നും ലഭിച്ചിട്ടില്ലെന്നും, സാങ്കേതിക പദങ്ങളുടെ മലയാള പരിഭാഷ സംബന്ധിച്ച ബുദ്ധിമുട്ട് അനുഭവപ്പെടാറുണ്ടെന്നും, വകുപ്പിൽ പരിഭാഷാ സെൽ നിലവിലില്ലാ എന്നും ഉദ്യോഗസ്ഥൻ സമിതിയെ ധരിപ്പിച്ചു.

57. വകുപ്പിന്റെ ഭരണനിയന്ത്രണത്തിൽ വരുന്ന മറ്റ് സ്ഥാപനങ്ങളിലെ ഭാഷാമാറ്റ പുരോഗതിയുടെ അവസ്ഥ താഴെപ്പറയും പ്രകാരമാണെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു.

(i) കയർ വികസന ഡയറക്ടറേറ്റ്

58. വകുപ്പിൽ 99% ഫയലുകളും മലയാളത്തിലാണെന്നും ഗവൺമെന്റ് ഓഫ് ഇന്ത്യ, നബാർഡ്, എൻ.സി.ഡി.സി. തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്ന് വരുന്ന കത്തുകൾ ഇംഗ്ലീഷിലാണെങ്കിലും, നോട്ട് ഫയൽ മലയാളത്തിലാണെന്നും, കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട പദ്ധതികളുടെ പേപ്പറുകൾ ഇംഗ്ലീഷിലാണെന്നും, ബാക്കിയുള്ളവ മലയാളത്തിൽ തന്നെയാണ് കൈകാര്യം ചെയ്യുന്നതെന്നും സമിതിയിൽ വ്യക്തമാക്കപ്പെട്ടു.

(ii) മൈനിംഗ് ആന്റ് ജിയോളജി വകുപ്പ്

59. കേന്ദ്ര നിയമങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ഫാറങ്ങൾ ഇംഗ്ലീഷിലാണെന്നും, കേരള മൈനർ മിനറൽ ചട്ടങ്ങളെല്ലാം മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുള്ളതായും, പ്രധാനപ്പെട്ട ഫാറങ്ങളെല്ലാം മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുള്ളതായും ആകെ കൈകാര്യം ചെയ്യുന്ന ഫയലുകളിൽ 70% മലയാളത്തിലാണെന്നും, ബാക്കി 30% കേന്ദ്ര ഗവൺമെന്റും മറ്റു സംസ്ഥാനങ്ങളുമായിട്ടുള്ള കത്തിടപാടുകളും, കേന്ദ്ര മൈൻ സേഫ്റ്റി ഡയറക്ടറേറ്റുമായി ബന്ധപ്പെട്ട കത്തിടപാടുകളുമായതിനാൽ അവ ഇംഗ്ലീഷിലാണെന്നും സമിതിയിൽ വ്യക്തമാക്കപ്പെട്ടു.

60. വകുപ്പിൽ പരിഭാഷാ സെൽ രൂപീകരിച്ചിട്ടുള്ളതായും നോഡൽ ഓഫീസറായി ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതായും ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

(iii) ഹാന്റ്‌ലൂംസ് ആന്റ് ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റ്

61. വകുപ്പിലെ അപേക്ഷാ ഫാറങ്ങളും മാനുവലുകളും മലയാളത്തിലാണെന്നും, 80% ഭാഷാമാറ്റ പുരോഗതി കൈവരിക്കുവാൻ സാധിച്ചിട്ടുണ്ടെന്നും ഉദ്യോഗസ്ഥർ സമിതിയെ ധരിപ്പിച്ചു.

(iv) മലബാർ സിമന്റ്സ് ലിമിറ്റഡ്, വാളയാർ

62. വകുപ്പിൽ പ്രധാനമായും മൈൻസും, പ്ലാന്റുകളുമാണുള്ളതെന്നും എക്സ്പ്ലോസീവ് ലൈസൻസ്, മൈനിംഗ് സെസ് തുടങ്ങിയ കാര്യങ്ങൾക്ക് ചെന്നൈയിലും ബാംഗ്ലൂരിലുമായിട്ടാണ് കത്തിടപാടുകൾ നടത്തേണ്ടി വരുന്നതെന്നും, അസംസ്കൃത സാധനങ്ങൾ എടുക്കുന്നതു മുതൽ അവയുടെ വിതരണം വരെയുള്ള കാര്യങ്ങൾ ജർമ്മൻ സാങ്കേതിക വിദ്യ അടിസ്ഥാനമായിട്ടുള്ള കമ്പ്യൂട്ടർ സോഫ്റ്റ് വെയറാണ് ഉപയോഗിച്ചുവരുന്നതെന്നും, സുതാര്യത കൂട്ടുന്നതിനുവേണ്ടി ഉല്പാദനം സംബന്ധിച്ചുള്ള എല്ലാ കാര്യങ്ങളും കമ്പ്യൂട്ടറിൽ തന്നെ ചെയ്തുവരുന്നുവെന്നതിനാൽ, അവ മലയാളീകരിക്കുവാൻ നിർവ്വാഹമില്ലെന്നും, വ്യവസായ വകുപ്പുകളുമായിട്ടുള്ള കത്തിടപാടുകൾ പരമാവധി മലയാളത്തിലാണ് കൈകാര്യം ചെയ്യുന്നതെന്നും, എല്ലാ കമ്പ്യൂട്ടറുകളിലും മലയാളം സോഫ്റ്റ്‌വെയർ സംവിധാനം സ്ഥാപിച്ചിട്ടുള്ളതായും സമിതിയിൽ വ്യക്തമാക്കപ്പെട്ടു.

(v) യൂണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ്, കൊല്ലം

63. വകുപ്പിൽ 90% അന്യസംസ്ഥാനങ്ങളുമായിട്ടുള്ള കത്തിടപാടുകളായതിനാൽ, അവ ഇംഗ്ലീഷിൽ മാത്രമേ കൈകാര്യം ചെയ്യുവാൻ നിവൃത്തിയുള്ളൂവെന്നും, ആഭ്യന്തര ഭരണനിർവ്വഹണത്തെ ബാധിക്കുന്ന കത്തിടപാടുകൾ മലയാളത്തിൽ നടത്തുന്നതാണെന്നും ഉദ്യോഗസ്ഥർ സമിതിയെ ധരിപ്പിച്ചു.

(vi) ട്രാവൻകൂർ സിമന്റ്സ്, കോട്ടയം

64. മലയാളത്തിൽ വരുന്ന കത്തുകൾക്കെല്ലാം മലയാളത്തിൽതന്നെയാണ് മറുപടി നൽകിവരുന്നതെന്നും, കേന്ദ്ര ഗവൺമെന്റുമായുള്ള കത്തിടപാടുകൾ, വിതരണക്കാരും, ഇടപാടുകാരുമായി ബന്ധപ്പെട്ട് വരുന്ന കാര്യങ്ങൾ എന്നിവ ഇംഗ്ലീഷിലാണെന്നും അവ

മലയാളീകരിക്കുവാൻ ബുദ്ധിമുട്ടാണെന്നും എല്ലാ ടൈപ്പിസ്റ്റുകൾക്കും മലയാളം സോഫ്റ്റ്‌വെയറിന്റെയും മലയാളം ടൈപ്പിംഗിന്റെയും പരിശീലനം നൽകിയിട്ടുണ്ടെന്നും ഉദ്യോഗസ്ഥർ സമിതിയെ ധരിപ്പിച്ചു.

(vii) ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്, എറണാകുളം

65. കേബിൾ നിർമ്മാണ മേഖലയിലെ ഒരു സ്ഥാപനം എന്ന നിലയിൽ, കമ്പനിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള അസംസ്കൃത വസ്തുക്കളുടെ സിംഹഭാഗവും സംസ്ഥാനത്തിന് പുറത്ത് നിന്നും വാങ്ങേണ്ടി വരുന്നതിനാലും, കമ്പനിയുടെ ഉൽപ്പന്നത്തിന്റെ മുഖ്യ ഉപഭോക്താക്കൾ വിവിധ സംസ്ഥാനങ്ങളിലെ വൈദ്യുതി ബോർഡുകൾ ആയതിനാലും, കമ്പനിയിൽ പൂർണ്ണമായും മലയാളം ഔദ്യോഗിക ഭാഷയാക്കുവാൻ ബുദ്ധിമുട്ടുണ്ടെന്നും, എന്നാൽ, ആഭ്യന്തര ഇടപാടുകൾക്ക് മലയാളം ഔദ്യോഗികഭാഷയാക്കുന്നതിൽ കമ്പനിക്ക് അനുകൂല നിലപാടാണുള്ളതെന്നും, ജീവനക്കാർക്കുള്ള കുറിപ്പുകളും, സർക്കുലറുകളും മലയാളത്തിലാണ് നൽകാറുള്ളതെന്നും, ഗവൺമെന്റിൽ നിന്നും വരുന്ന മലയാളത്തിലുള്ള കത്തുകൾക്ക് മലയാളത്തിൽ തന്നെയാണ് മറുപടി നൽകാറുള്ളതെന്നും സമിതിയിൽ വ്യക്തമാക്കപ്പെട്ടു.

(viii) ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ്, കേരള ലിമിറ്റഡ്, അങ്കമാലി

66. ടെൽക്ക്, എൻ.ടി.പി.സി. യുമായി സഹകരിച്ച് പ്രവർത്തനം നടത്തുന്ന സ്ഥാപനമായതിനാലും, ടെൽക്കിന്റെ ഉല്പന്നമായ ട്രാൻസ്ഫോർമർ നിർമ്മിക്കുന്നതിനാവശ്യമായ സാധനങ്ങൾ ഇതര സംസ്ഥാനങ്ങളിൽ നിന്നും രാജ്യത്തിന് പുറത്തുനിന്നുള്ള സ്ഥാപനങ്ങളിൽ നിന്നും വാങ്ങേണ്ടി വരുന്നതിനാലും, ട്രാൻസ്ഫോർമറിനുള്ള ആവശ്യക്കാർ പ്രധാനമായും അന്യസംസ്ഥാനങ്ങളിലും, അന്യരാജ്യങ്ങളിലും ഉള്ളവരായതിനാൽ, കത്തിടപാടുകളും, മറ്റ് പേപ്പറുകളും ഇംഗ്ലീഷ് ഭാഷയിൽത്തന്നെ നൽകേണ്ടി വരുന്നുവെന്നും, കമ്പനിക്കകത്ത് നടത്തുന്ന കത്തിടപാടുകൾ മലയാളത്തിൽ ചെയ്യുവാൻ ശ്രമിക്കുന്നതാണെന്നും ബാക്കിയുള്ളവ മലയാളത്തിലാക്കുന്നതിൽ ബുദ്ധിമുട്ടുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

67. ഔദ്യോഗിക ഭാഷ മലയാളമാക്കുന്നതുമായി ബന്ധപ്പെട്ടിട്ടുള്ള കാര്യങ്ങളിൽ, വ്യവസായ വകുപ്പിന്റെ സജീവമായ ഇടപെടൽ ഇല്ലെന്ന വസ്തുത സമിതിക്ക് ബോദ്ധ്യപ്പെട്ടു.

68. വകുപ്പിലെ ചില പദങ്ങൾ മലയാളമാക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ, കോഡുകൾ, മാനുവലുകൾ, ഫോറങ്ങൾ എന്നിവയുടെ മലയാള പരിഭാഷ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും, കൂടാതെ ഫയലുകൾ മലയാളത്തിൽ കൈകാര്യം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും, വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ വരുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ ഭരണഭാഷ മലയാളമാക്കി വിജ്ഞാപനം പുറപ്പെടുവിക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്നും, വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽ, പൊതുവെ മെച്ചപ്പെട്ട അവസ്ഥയുണ്ടായിട്ടുണ്ടെങ്കിലും അത് കുറച്ചുകൂടി ശക്തിപ്പെടുത്തുവാൻ നേതൃത്വപരമായി വ്യവസായ വകുപ്പ് സെക്രട്ടറിയുടെ ഇടപെടലുകളുണ്ടാകണമെന്നും, ഭാഷാമാറ്റ പുരോഗതി സ്ഥിരമായി പരിശോധിക്കുന്നതിനും വിലയിരുത്തുന്നതിനും ഒരു നോഡൽ ഓഫീസറെ നിയോഗിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

69. വ്യവസായ വകുപ്പിന്റെ കീഴിൽ വരുന്ന എല്ലാ സ്ഥാപനങ്ങളുടെയും ഭരണ റിപ്പോർട്ടും മലയാളത്തിൽ തന്നെ തയ്യാറാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## നികുതി വകുപ്പ്

70. നികുതി വകുപ്പിൽ ഏകദേശം 50 ശതമാനം ഫയലുകൾ മലയാളത്തിൽ കൈകാര്യം ചെയ്തുവരുന്നുണ്ടെന്നും രജിസ്ട്രേഷൻ വകുപ്പിലാണ് കൂടുതലും ഫയലുകൾ മലയാളത്തിൽ കൈകാര്യം ചെയ്യുന്നതെന്നും, എക്സൈസ് വകുപ്പിൽ അബ്കാരി ആക്ടുകൾ ആണ് കൂടുതലായി കൈകാര്യം ചെയ്തു വരുന്നതെന്നും അബ്കാരി ആക്ട് മലയാളത്തിൽ ലഭ്യമല്ലാത്തതിനാലും ഇവ സംബന്ധിച്ച് കോടതിയിൽ കേസ്സുകൾ നിലവിൽ ഉള്ളതുകൊണ്ടും, ഫയലുകൾ അധികവും മലയാളത്തിൽ കൈകാര്യം ചെയ്യുവാൻ സാധിക്കാത്തതായും, വാണിജ്യ നികുതി വകുപ്പിലെ നിയമങ്ങൾ കൂടുതലും ഇംഗ്ലീഷിലാണെന്നും, അവിടെ ലഭിക്കുന്ന കത്തുകൾക്കുള്ള മറുപടി മലയാളത്തിലാണ് നൽകുന്നതെന്നും, ലോട്ടറി വകുപ്പിൽ, മലയാളത്തിലാണ് കൂടുതൽ ഫയലുകളും കൈകാര്യം ചെയ്തുവരുന്നതെന്നും സമിതിയിൽ വ്യക്തമാക്കപ്പെട്ടു.

71. എക്സൈസ് വകുപ്പിൽ 60 ശതമാനത്തോളം ഫയലുകൾ ഇംഗ്ലീഷിൽ കൈകാര്യം ചെയ്തു വരുന്നതായും, ചില ഫയലുകൾ ഇംഗ്ലീഷിലും, മലയാളത്തിലും കൈകാര്യം ചെയ്യുന്നതായും ഉദ്യോഗസ്ഥൻ സമിതിയെ ധരിപ്പിച്ചു.

72. സാങ്കേതിക പദങ്ങളുടെ പരിഭാഷയാണ് പ്രധാന ബുദ്ധിമുട്ടെന്നും, വകുപ്പിൽ പരിഭാഷ സെൽ പ്രവർത്തിക്കുന്നില്ലെന്നും, സാങ്കേതിക പദങ്ങളുടെ പരിഭാഷയ്ക്കായി നിയമവകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും, മലയാളത്തിലുള്ള ഫയലുകൾ നിർബന്ധമായും മലയാളത്തിൽ തന്നെ കൈകാര്യം ചെയ്യുന്നുണ്ടെന്നും മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പുകൾ മലയാളത്തിലും, ഇംഗ്ലീഷിലും തയ്യാറാക്കി വരുന്നുണ്ടെന്നും സമിതിയിൽ വ്യക്തമാക്കപ്പെട്ടു.

73. അബ്കാരി ആക്ടുമായി ബന്ധപ്പെട്ട വിജ്ഞാപനങ്ങളെല്ലാം ഇംഗ്ലീഷിലാണ് വരുന്നതെന്നും, മലയാളത്തിലുള്ള വിജ്ഞാപനങ്ങൾ കോടതി സ്വീകരിക്കുകയില്ലെന്നുള്ള വസ്തുതയും സമിതിയിൽ വ്യക്തമാക്കപ്പെട്ടു.

74. പരിഭാഷ സെൽ രൂപീകരിക്കാത്തത് ഔദ്യോഗികഭാഷ മലയാളമാക്കുകയെന്നത് നികുതി വകുപ്പ് ഗൗരവമായി എടുക്കാത്തതിന്റെ തെളിവാണെന്നും, പൊതുജനങ്ങളിൽ നിന്നും ഇംഗ്ലീഷിൽ പരാതി ലഭിച്ചാലും മലയാളത്തിൽ തന്നെ മറുപടി നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു. സമിതിയുടെ ജില്ലാതല സന്ദർശന യോഗങ്ങളിൽ, ഉയർന്നുവന്ന പ്രധാന ആക്ഷേപം, സെക്രട്ടേറിയറ്റിൽ നിന്നും വരുന്ന ഫയലുകൾ മിക്കവയും ഇംഗ്ലീഷിലാണെന്നും, കോടതിയിൽ മാത്രം ഇംഗ്ലീഷിൽ നൽകുന്ന സംവിധാനം വേണമെന്നും, ഇത് നികുതി വകുപ്പ് മാത്രം ചെയ്യേണ്ട കാര്യമല്ലെന്നും, ഇക്കാര്യത്തിൽ മുൻകൈ എടുക്കേണ്ടത് ഗവൺമെന്റാണെന്നും സമിതി അഭിപ്രായപ്പെടുന്നു. സമിതി ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണെന്ന ഉറപ്പും നൽകുകയുണ്ടായി.

75. നികുതി വകുപ്പ് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വകുപ്പായതിനാൽ, ഉത്തരവുകളും മറ്റും മലയാളത്തിൽ കൈകാര്യം ചെയ്യണമെന്നും, ഫിനാൻഷ്യൽ ബിൽ ഉൾപ്പെടെയുള്ള കാര്യങ്ങളുടെ മൂലനിയമത്തിലും മലയാള

വിവർത്തനം ഉണ്ടാകണമെന്നും, എങ്കിൽ മാത്രമേ നികുതി പിരിവ് അനായാസവും ലളിതവും ആകുകയുള്ളൂവെന്നും, എക്സൈസ് വകുപ്പിലും പരിഭാഷാ സെൽ രൂപീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും, സെക്രട്ടേറിയറ്റ് തലത്തിൽ ഈ വിഷയം ഗൗരവമായി ചർച്ച ചെയ്ത് നികുതി വകുപ്പിൽ ഭരണഭാഷ മലയാളത്തിലാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## നിയമ വകുപ്പ്

76. വകുപ്പിൽ പരിഭാഷാ സെൽ രൂപീകരിച്ചിട്ടുണ്ടെന്നും, 2008 ജനുവരി 1 മുതൽ ജൂലൈ 31 വരെ 14,288 ഫയലുകൾ ലഭിച്ചതിൽ 664 ഫയലുകൾ മലയാളത്തിലാണെന്നും, നിയമ വകുപ്പിൽ മറ്റ് വകുപ്പുകളിൽ നിന്നുള്ള ഫയലുകൾ വരാറുള്ളതിനാൽ, ഇംഗ്ലീഷിലുള്ളവയ്ക്ക് ഇംഗ്ലീഷിലും, മലയാളത്തിലുള്ളവയ്ക്ക് മലയാളത്തിലും മറുപടി നൽകി വരുന്നതായും, കോടതിയിൽ ഫയൽ ചെയ്യുന്ന സ്റ്റേറ്റ്മെന്റിനെ സംബന്ധിച്ച ഫയലുകൾ ഇംഗ്ലീഷിലാണ് വരുന്നതെന്നും, അവ ഇംഗ്ലീഷിൽ സ്ക്രൂട്ടണി ചെയ്ത് കൊടുക്കുവാനേ പറ്റുകയുള്ളൂവെന്നും, നിയമസഭയിൽ അവതരിപ്പിക്കുന്ന ബിൽ തയ്യാറാക്കുന്നത് നിയമവകുപ്പാണെന്നും, നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ ധരിപ്പിച്ചു.

77. നിയമവകുപ്പിൽ കമ്പ്യൂട്ടറൈസേഷൻ നിലവിലുണ്ടെന്നും, ഫയൽ നടപടികളെല്ലാം കമ്പ്യൂട്ടർ വഴിയാണ് നടത്തുന്നതെന്നും, ആയതിനാലാണ് അവ ഇംഗ്ലീഷിൽ ചെയ്തുവരുന്നതെന്നും, പരിഭാഷാ സെല്ലിൽ കമ്പ്യൂട്ടറൈസേഷൻ നിലവിൽ വന്നിട്ടില്ലാത്തതായും സമിതിയിൽ വ്യക്തമാക്കപ്പെട്ടു.

78. വകുപ്പിലെ ഉദ്യോഗസ്ഥരുടെ കാര്യങ്ങളെല്ലാം തന്നെ മലയാളത്തിലാണ് കൈകാര്യം ചെയ്യുന്നതെന്നും കേന്ദ്ര നിയമങ്ങൾ മലയാളത്തിൽ തർജ്ജമ ചെയ്ത് കേന്ദ്ര സർക്കാരിന്റെ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും, അത് പൊതുജനങ്ങൾക്ക് പുസ്തക രൂപത്തിൽ ലഭ്യമാക്കുകയും ചെയ്യുകയാണ് നിലവിൽ കേരള ഒഫീഷ്യൽ ലാംഗ്വേജ് ലെജിസ്ലേറ്റീവ് കമ്മീഷൻ ചെയ്തുവരുന്നതെന്നും, ഓരോ ആക്ടും വെവ്വേറെ പുസ്തകങ്ങളായിട്ടാണ് പ്രസിദ്ധീകരിക്കുന്നതെന്നും, കമ്മീഷന്റെ ഓഫീസ് മുഖേനയും അംഗീകൃത പുസ്തക വിപണന കേന്ദ്രങ്ങളിൽ നിന്നും ഇവ ലഭ്യമാക്കുന്നതാണെന്നും സമിതിയിൽ വിശദീകരിക്കപ്പെട്ടു.

79. പരിഭാഷപ്പെടുത്തിയ ആക്ടുകളുടെ പട്ടിക സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു. ബുക്കിന്റെ പുറംചട്ട ആകർഷകമായ രീതിയിൽ അച്ചടിക്കണമെന്നും സർക്കാരിന്റെ കീഴിലുള്ള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി മുഖേനയും, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് മുഖേനയും പുസ്തകങ്ങൾ ഫലപ്രദമായ രീതിയിൽ വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

80. ഓരോ വകുപ്പിലും ഭരണ ഭാഷാ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടത് അതാത് വകുപ്പുകളുടെ സമ്മതത്തോടുകൂടിയാണെന്നും, വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് നിയമ വകുപ്പിൽ നിന്നുള്ള മറുപടി, കഴിയുന്നത്ര മലയാളം ഉപയോഗിക്കാവുന്നതാണെന്നും, എന്നാൽ അത്തരം ഒരു വിജ്ഞാപനം നാളിതുവരെ പുറപ്പെടുവിച്ചിട്ടില്ലെന്നും ഭാഷാ വിദഗ്ദ്ധൻ സമിതിയെ ധരിപ്പിച്ചു.

81. വകുപ്പിലെ സ്പെഷ്യൽ സെക്രട്ടറിയും, ഔദ്യോഗികഭാഷ (നിയമ നിർമ്മാണ) കമ്മീഷന്റെ അധ്യക്ഷനും സർക്കാരിന്റെ ഔദ്യോഗിക ഭാഷ സംബന്ധിച്ച ഉന്നതതല സമിതിയിലെ അംഗങ്ങളുമായതിനാലും, കോടതി നടപടികൾ മലയാളത്തിലാക്കുന്നതിന് നിയമ വകുപ്പ് ചർച്ചയോ ഇടപെടലുകളോ നടത്തിയിട്ടില്ലാത്തതായും, സമിതിയുടെ ശ്രദ്ധ യിൽപ്പെട്ടു.

82. നിയമവകുപ്പിൽ തന്നെ ഔദ്യോഗികഭാഷ മലയാളമാക്കുന്നതിൽ മാന്ദ്യം സംഭ വിക്കുമ്പോൾ അത് മൊത്തത്തിലുള്ള ഭരണഭാഷാ മാറ്റത്തെ ബാധിക്കുമെന്നും, വളരെ പ്രധാനപ്പെട്ട വകുപ്പായ നിയമ വകുപ്പിൽ കാര്യങ്ങളെല്ലാം ഇംഗ്ലീഷിൽ നടന്നാൽ, ഒരു കാര്യവും സാധാരണ ജനങ്ങൾക്ക് മനസ്സിലാകാതെ വരുമെന്നതിനാൽ, വകുപ്പിൽ ഭരണ ഭാഷാ വിജ്ഞാപനം പുറപ്പെടുവിക്കണമെന്നും, നിയമ വകുപ്പിലെ സ്പെഷ്യൽ സെക്രട്ടറി, ഔദ്യോഗികഭാഷ (നിയമനിർമ്മാണ) കമ്മീഷന്റെ അധ്യക്ഷനും സർക്കാരിന്റെ ഭരണഭാഷാ ഉന്നതതല കമ്മിറ്റി അംഗങ്ങളെന്ന നിലയിൽ കോടതി നടപടികൾ മലയാള ത്തിലാക്കുന്നതിനാവശ്യമായ ചർച്ചകളോ ഇടപെടലുകളോ നടത്തേണ്ടതാണെന്നും അക്കാര്യങ്ങൾ സമിതിയെ അറിയിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു..

83. ചില വകുപ്പുകളിൽ ഇംഗ്ലീഷിൽ ഫയലുകൾ കൈകാര്യം ചെയ്യേണ്ട ആവശ്യകതയുണ്ടെന്നും, നോട്ട് ഫയൽ പോലും മലയാളത്തിൽ എഴുതാൻ ശ്രദ്ധിക്കാത്ത അവസ്ഥ പരിഹരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## കോടതികൾ

84. കോടതികളിൽ ഭരണഭാഷ മലയാളമാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും കോടതി നടപടികൾ ഇംഗ്ലീഷിലായതിനാൽ, മിക്ക വകുപ്പുകളിലും ഭരണഭാഷ മലയാളമാക്കുന്നതിനെ തടസ്സപ്പെടുത്തുന്നുവെന്നും, ഇത് പരിഹരിക്കാനാവശ്യമായ നടപടി എത്രയും വേഗം ഉണ്ടാക്കേണ്ടതിനുമായി ബഹു. ഹൈക്കോടതി രജിസ്ട്രാറു മായി 16-8-2008-ൽ സമിതി വിശദമായ ചർച്ച നടത്തുകയുണ്ടായി.

85. കോടതികളിൽ ഭരണഭാഷ മലയാളമാക്കുന്നതിന്റെ പ്രായോഗിക വശങ്ങൾ പരിശോധിക്കുന്നതിനായി നിയോഗിച്ച ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ, സമർപ്പിച്ച റിപ്പോർട്ട് താഴെക്കാണുംപ്രകാരമാണെന്ന് രജിസ്ട്രാർ സമിതിയെ ബോധ്യപ്പെടുത്തി.

86. കോടതികളിൽ മലയാളം ഔദ്യോഗികഭാഷയാക്കുന്നതിനു മുമ്പ് ഏഴ് വ്യവസ്ഥകൾ പാലിക്കപ്പെടേണ്ടതുണ്ട്.

(a) The most important enactment connected with the administration of Civil and Criminal justice and all the rules and notifications issued there under will have to be translated and printed computations of the same made freely available for being used by courts, lawyers and others.

(b) A law journal in Malayalam containing the judgements of the High Court and short notes of Supreme Court judgements has to be started. The State Governments should take immediate steps for the publication and distribution of such a journal.

(c) A glossary is also essential. It is said that Official Language (Enactment) Commission, is preparing one. This will have to be supplemented, if found necessary and printed and published.

(d) Sufficient number of posts of Malayalam typists and shorthand writers will have to be created and filled up stenographers and typists in service with more than 10 years for their retirement could also be probably be trained. The number of posts required will be assessed and decided by the government in consultation with the High Court.

(e) Sufficient number of Malayalam Typewriters will have to be found. There are 305 Civil and Criminal Courts in the State and only 64 Malayalam typewriters are available. It will take sometime to get the required number of typewriters.

(f) The judicial Officers to be given some training before they are asked to switch over to Malayalam. The question whether the High Court's Training Scheme (using the Service of Department of Training) can be tailored to suit their requirement has to be examined.

(g) For realising the ultimate objective of introducing Malayalam as Court language the primary or the first step to be taken is to impart Education in law colleges in Malayalam.

87. കോടതികളിലെ ഔദ്യോഗിക വശങ്ങൾ മലയാളത്തിലാകണമെങ്കിൽ നിയമ വിദ്യാഭ്യാസം മലയാളത്തിലാക്കേണ്ടതുണ്ടെന്നും സമിതിയിൽ വ്യക്തമാക്കപ്പെട്ടു.

88. കീഴ്ക്കോടതികളിൽ, അന്യായം ഫയൽ ചെയ്യുന്നതും, തെളിവ് രേഖപ്പെടുത്തുന്നതും, ഇംഗ്ലീഷിലും മലയാളത്തിലുമായിട്ടാണെന്നും നിയമ വിദ്യാഭ്യാസം, സാങ്കേതിക പദങ്ങൾ എന്നിവ ഇംഗ്ലീഷിൽ തുടരുന്നതിനാൽ, ജഡ്ജ്മെന്റ് ഇംഗ്ളീഷിലാണ് തയ്യാറാക്കുന്നതെന്നും സമിതിയിൽ വ്യക്തമാക്കപ്പെട്ടു. മൊഴി നൽകുന്നതും, റിക്കോർഡ് ചെയ്യുന്നതും, സാക്ഷികളെ വിസ്തരിക്കുന്നതുമെല്ലാം മലയാളത്തിലാണെങ്കിലും ജഡ്ജ്മെന്റ് തയ്യാറാക്കുന്നത് ഇംഗ്ളീഷിലാണെന്നും കീഴ്ക്കോടതികളിൽ നിന്നും വരുന്ന മൊഴികളും മറ്റും ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്തു കൊടുക്കുകയാണെന്നും, ഹൈക്കോടതിയിലെ എല്ലാ ജഡ്ജിമാർക്കും മലയാളം അറിയില്ലെന്നും അന്തർദ്ദേശീയമായി ഇംഗ്ലീഷിന് പ്രാധാന്യം കൂടി വരുന്ന സാഹചര്യത്തിൽ നിയമ വിദ്യാഭ്യാസം പൂർണ്ണമായും മലയാളത്തിലാക്കുവാൻ കഴിയില്ലെന്നും, രജിസ്ട്രാർ സമിതിയെ അറിയിച്ചു.

89. കോടതിയിലെ ഭരണഭാഷാമാറ്റത്തിന് സമഗ്രമായ അദ്ധ്വാനം ആവശ്യമാണെന്നും, ലോ ജേണലുകൾ മലയാളത്തിലാക്കണമെന്നും ലോ ജേണലുകളുടെ പ്രസിദ്ധീകരണത്തിന് ലൈസൻസ് വേണമെന്നതിനാൽ, ആയത് ഗവൺമെന്റ് തലത്തിൽ ചെയ്യേണ്ടതാണെന്നും, ഇതിനായി തസ്തിക സൃഷ്ടിക്കലും സാമ്പത്തിക പ്രതിബദ്ധതയും ആവശ്യമായി വരുമെന്നും ജഡ്ജ്മെന്റുകൾ മലയാളത്തിൽ ലഭ്യമാക്കുന്നതിന് പരിഭാഷ ആവശ്യമായതിനാൽ, ആയത് പ്രായോഗികതലത്തിൽ വരുത്തുവാൻ പ്രയാസമാണെന്നും രജിസ്ട്രാർ സമിതിയെ ധരിപ്പിച്ചു.

90. ഹൈക്കോടതിയിലെ ജുഡീഷ്യൽ അക്കാഡമിയിൽ ഓഫീസർമാർക്കും, പുതുതായി നിയമനം ലഭിക്കുന്നവർക്കും പരിശീലനം നൽകാവുന്നതാണെന്നും, ബാക്കിയുള്ളവ ഗവൺമെന്റ് തലത്തിൽ ചെയ്യേണ്ടതാണെന്നും രജിസ്ട്രാർ സമിതിയെ അറിയിച്ചു.

91. നിയമത്തെക്കുറിച്ച് ആധികാരികമായി മനസ്സിലാക്കുന്നതിനുവേണ്ടി ഹൈക്കോടതിയിലെ കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റി, നിയമ പഠനത്തെ സംബന്ധിച്ച് മലയാളത്തിൽ ഒരു ചെറിയ പുസ്തകം തയ്യാറാക്കി എല്ലാ ആർട്സ് ആന്റ് സയൻസ് കോളേജുകളിലും നൽകിയിട്ടുള്ളതായും, വിധി മലയാളത്തിൽ എഴുതുന്നതിന് പരിമിതികളുണ്ടെന്നും അപ്പീൽ കോടതികളിൽ, ജഡ്ജ്മെന്റ് പരിഗണനയ്ക്ക് പോകേണ്ടതുകൊണ്ട് ഇംഗ്ലീഷിലാണ് ആയത് തയ്യാറാക്കുന്നതെന്നും എല്ലാ വാക്കുകളും മലയാളത്തിലാക്കുവാൻ ബുദ്ധിമുട്ടാണെന്നും രജിസ്ട്രാർ അറിയിച്ചു.

92. ഹൈക്കോടതികളിലെ കമ്പ്യൂട്ടറൈസേഷൻ പ്രാഥമിക ഘട്ടത്തിലാണെന്നും, കീഴ്ക്കോടതികളിൽ കമ്പ്യൂട്ടറൈസേഷന് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ടെന്നും, All India Level-ൽ National Informatics Centre ആണ് സോഫ്റ്റ്‍വെയർ ഡെവലപ്പ് ചെയ്തിരിക്കുന്നതെന്നും, നിയമവിദ്യാഭ്യാസം, ആഫീസർമാർക്കുള്ള ട്രെയിനിംഗ്, നിയമപുസ്തകങ്ങളുടെ മലയാളത്തിലാക്കൽ, പീരിയോഡിക്കൽ പുറത്തിറക്കൽ, സ്റ്റാഫിന്റെ നിയമനം ഇവയെല്ലാം ഒന്നോ രണ്ടോ വർഷം കൊണ്ട് പൂർത്തിയാക്കാവുന്നതല്ലെന്നും രജിസ്ട്രാർ അറിയിച്ചു.

93. ഹൈക്കോടതികളിലും കീഴ്ക്കോടതികളിലും കൈകാര്യം ചെയ്യുന്ന നിയമങ്ങളെല്ലാം മലയാളത്തിലാക്കണമെന്നും, കാലാകാലങ്ങളിൽ വരുന്ന എല്ലാ വിധിന്യായങ്ങളും മലയാളത്തിൽ തർജ്ജമ ചെയ്ത് വക്കീലന്മാർക്ക് നൽകണമെന്നും, ഗ്ലോസറി തയ്യാറാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

94. നിയമവിദ്യാഭ്യാസത്തെ സംബന്ധിച്ച് അക്കാദമിക് കൗൺസിലും ബോർഡ് ഓഫ് കൗൺസിലും സർവ്വകലാശാലയുമെല്ലാം ചേർന്ന് നയപരമായി തീരുമാനമെടുക്കണമെന്നും ആയതിന് ബോർഡ് ഓഫ് കൗൺസിലിന്റെ അംഗീകാരം വേണമെന്നും സിലബസിൽ വരുന്ന മാറ്റങ്ങളും മീഡിയം ഓഫ് ഇൻസ്ട്രക്ഷനിൽ വരുന്ന മാറ്റങ്ങളും ഇന്ത്യൻ ബാർ കൗൺസിലും കേരള ബാർ കൗൺസിലും അംഗീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

95. ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ കീഴ്ക്കോടതികളിൽ ഔദ്യോഗിക ഭാഷ മലയാളത്തിൽ ആക്കുന്നതിനു വേണ്ടി മുന്നോടിയായി ചെയ്യേണ്ട ഏഴു നിർദ്ദേശങ്ങളിന്മേൽ സർക്കാർ ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന കാര്യം സമിതിയെ അറിയിക്കണമെന്ന് നിർദ്ദേശിക്കുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്

96. സെക്രട്ടേറിയറ്റിലെ ഭരണവകുപ്പിലെ 48% ഫയലുകളും ഉത്തരവുകളും മലയാളത്തിലാണെന്നും, എന്നാൽ കോടതി സംബന്ധമായ കാര്യങ്ങൾ, ജാതി വെരിഫിക്കേഷൻ സംബന്ധമായ കാര്യങ്ങൾ, എന്നിവ കൈകാര്യം ചെയ്യുന്ന സെക്ഷനുകളിൽ 8.5% പുരോഗതിയേ കൈവരിക്കുവാൻ സാധിച്ചിട്ടുള്ളൂവെന്നും, കേന്ദ്ര സർക്കാരു

മായി കത്തിടപാടുകൾ നടത്തുന്ന സെക്ഷനിൽ 45% ഭാഷാമാറ്റം കൈവരിച്ചതായും, കോടതി സംബന്ധമായ കേസ്സുകളും, അക്കൗണ്ടന്റ് ജനറൽ ഓഫീസുമായി നടത്തുന്ന കത്തിടപാടുകളും ഇംഗ്ലീഷിൽ കൈകാര്യം ചെയ്യുവാനേ തരമുള്ളൂവെന്നും, എന്നാൽ ടി ഫയലുകളിലെ നോട്ട് ഫയൽ മലയാളത്തിൽ എഴുതിയാൽ ആ ഫയൽ മലയാളത്തിലെ ഫയലായി കണക്കാക്കാമെന്ന നിർദ്ദേശം ലഭിച്ചിട്ടുള്ളതായും, വകുപ്പിന്റെ കീഴിലുള്ള പട്ടിക വർഗ്ഗ വികസന വകുപ്പിൽ 99%, പട്ടികജാതി വികസന വകുപ്പിൽ 63% ഭാഷാമാറ്റ പുരോഗതി കൈവരിച്ചതായും സമിതിയിൽ വ്യക്തമാക്കപ്പെട്ടു.

97. വകുപ്പിലെ കമ്പ്യൂട്ടറുകളിൽ, ഇംഗ്ലീഷ് സോഫ്റ്റ്‌വെയറാണ് നിലവിലുള്ളതെന്നും, മലയാളത്തിലുള്ള വെബ്സൈറ്റ് പുറത്തിറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും, ഇതിനുള്ള ചുമതല കെൽട്രോണിനെയാണ് ഏൽപ്പിച്ചിരിക്കുന്നതെന്നും സമിതിയിൽ വിശദീകരിച്ചു.

98. മലയാളത്തിൽ കുറിപ്പ് ഫയൽ എഴുതുന്നതിന് പ്രാധാന്യം നൽകുന്നതാണെന്നും, ആയത് സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് നൽകുന്നതാണെന്നും, പൊതുജനങ്ങളിൽ നിന്നും അപൂർവ്വമായേ പരാതികൾ ഇംഗ്ലീഷിൽ ലഭിക്കാറുള്ളൂവെന്നും, മന്ത്രിസഭാ യോഗങ്ങളിലെ കുറിപ്പുകൾ ഇംഗ്ലീഷിലും മലയാളത്തിലും തയ്യാറാക്കി വരുന്നതായും, പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ ധരിപ്പിച്ചു.

99. അപേക്ഷാ ഫാറങ്ങളെല്ലാം മലയാളത്തിലാണ് കൈകാര്യം ചെയ്യുന്നതെന്ന്, പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടറും, കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറും സമിതിയെ അറിയിച്ചു.

100. കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷനിൽ എഗ്രിമെന്റുകളും അപേക്ഷകളും ഉൾപ്പെടെ 90% ഫയലുകളും മലയാളത്തിലാണ് കൈകാര്യം ചെയ്യുന്നതെന്ന്, രജിസ്ട്രാർ സമിതിയെ ധരിപ്പിച്ചു.

101. കോടതി, അക്കൗണ്ടന്റ് ജനറൽ ഓഫീസ്, കേന്ദ്ര സർക്കാർ എന്നിവിടങ്ങളിലേക്കുള്ള കത്തുകൾ ഒഴികെ ബാക്കിയുള്ളവയെല്ലാം മലയാളത്തിലാണെന്നും, അപേക്ഷകൾ മലയാളത്തിലാണ് ലഭിക്കുന്നതെന്നും, കേരള സംസ്ഥാന പട്ടികജാതി ശുപാർശിത വിഭാഗ പരിവർത്തിത ക്രൈസ്തവ വികസന കോർപ്പറേഷൻ, മാനേജിംഗ് ഡയറക്ടർ സമിതിയെ ധരിപ്പിച്ചു.

102. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സാധാരണക്കാരുമായി ബന്ധപ്പെടുന്ന വകുപ്പാണെന്നും കോടതി, കേന്ദ്രസർക്കാർ, മറ്റ്-സംസ്ഥാന സർക്കാരുകൾ എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങൾ മലയാളത്തിലാക്കണമെന്ന നിർബന്ധം സമിതിക്കില്ലെന്നും സമിതി അഭിപ്രായപ്പെട്ടു.

103. കോടതിയിലെ കേസ്സുകൾ സംബന്ധിക്കുന്ന ഫയലുകൾ, കേന്ദ്രസർക്കാർ, മറ്റ് സംസ്ഥാന സർക്കാരുമായി നടത്തുന്ന കത്തിടപാടുകൾ സംബന്ധിച്ച ഫയലുകൾ എന്നിവയുടെ നോട്ട് ഫയൽ മലയാളത്തിൽ എഴുതിയാൽ അവ മലയാളത്തിലെ ഫയലായി കണക്കാക്കാവുന്നതാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

104. സമിതിയുടെ ജില്ലാതല അവലോകന യോഗങ്ങളിൽ ഉയർന്നുവന്നിട്ടുള്ള പ്രധാന പ്രശ്നം, സെക്രട്ടേറിയറ്റിൽ നിന്ന് വരുന്ന കത്തുകളും ഉത്തരവുകളും ഇംഗ്ലീഷിലാണെന്നും, ജില്ലാ-താലൂക്ക് തലങ്ങളിൽ മെച്ചപ്പെട്ട സ്ഥിതിയാണ് നിലവിലുള്ളതെന്നും, സെക്രട്ടേറിയറ്റിൽ നിന്നുമുള്ള ഉത്തരവുകളും കത്തിടപാടുകളും പരമാവധി മലയാളത്തിലാക്കുവാനുള്ള നടപടികൾ ഉണ്ടാവണമെന്നും, സമിതി നിർദ്ദേശിക്കുന്നു.

105. സെക്രട്ടേറിയറ്റിൽ നിന്നും താഴെതലങ്ങളിലേക്കു പോകുന്ന ഉത്തരവുകൾ ഇംഗ്ലീഷിൽ മാത്രമേ ആകാവൂ എന്നതിന് ഒരു പരിഹാരമുണ്ടാകണമെന്നും സമിതി അഭിപ്രായപ്പെട്ടു. ഭാഷാമാറ്റ പുരോഗതി വിലയിരുത്തുന്നതിനും, ത്വരിതപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കണമെന്നും, ഫയലുകൾ മലയാളത്തിൽ കൈകാര്യം ചെയ്യുന്നതിനുള്ള ശ്രമങ്ങൾ ഊർജ്ജിതമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

106. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിലെ കമ്പ്യൂട്ടറുകളിൽ മലയാളം സോഫ്റ്റ്‌വെയർ ലഭ്യമാക്കണമെന്നും, മലയാളത്തിലുള്ള വെബ്സൈറ്റ് സജ്ജീകരിച്ചോ എന്ന കാര്യവും സമിതിയെ അറിയിക്കണമെന്നും നിർദ്ദേശിക്കുന്നു.

## ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ്

107. വകുപ്പിൽ ഭാഷാമാറ്റ പുരോഗതി സംബന്ധിച്ച അവലോകനം നടക്കാറുള്ളതായും, ഭക്ഷ്യ പൊതുവിതരണ വകുപ്പിൽ ഭാഷാമാറ്റ പുരോഗതി വിലയിരുത്തുന്നതിനായി ഒരു നോഡൽ ഓഫീസറെ നിയമിച്ചിട്ടുള്ളതായും, ഭരണഭാഷാ വാരാഘോഷം സംഘടിപ്പിക്കാറുള്ളതായും, വകുപ്പിലെ വാഹനങ്ങളിലെ ബോർഡുകൾ മലയാളത്തിലാക്കുവാനുള്ള നിർദ്ദേശം നൽകുന്നതാണെന്നും സമിതിയിൽ വിശദീകരിക്കപ്പെട്ടു.

108. കേരള സംസ്ഥാന സിവിൽസപ്ലൈസ് കോർപ്പറേഷനിൽ, പൊതുവിതരണവുമായി ബന്ധപ്പെട്ട വിഷയങ്ങളെല്ലാം മലയാളത്തിലാണെന്നും, വിവരാവകാശ നിയമമനുസരിച്ച്, പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന ചോദ്യങ്ങളുടെ മറുപടി മലയാളത്തിലാണ് നൽകി വരുന്നതെന്നും, മാവേലി സ്റ്റോറുകളിൽ നിന്നും നൽകി വരുന്ന ബില്ലുകൾ മലയാളത്തിലാക്കുവാനുള്ള സോഫ്റ്റ്‌വെയർ തയ്യാറാക്കി വരുന്നതായും ഉദ്യോഗസ്ഥൻ സമിതിയെ ധരിപ്പിച്ചു.

109. വകുപ്പിലെ ചട്ടങ്ങളും നിയമങ്ങളും മാനുവലുകളും ഏകദേശം 90% മലയാളത്തിലാക്കിയിട്ടുള്ളതായും, റേഷൻ കാർഡിൽ പേര് ചേർക്കുന്നതിനും, ഒഴിവാക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ മലയാളത്തിലാണെന്നും, ചട്ടങ്ങളിൽ, മലയാളത്തിലാക്കുവാൻ ശേഷിക്കുന്നവയെല്ലാം ഉടൻ തന്നെ പൂർത്തിയാക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും വകുപ്പ് സെക്രട്ടറി സമിതിയെ ധരിപ്പിച്ചു.

## ലീഗൽ മെട്രോളജി വകുപ്പ്

110. ലീഗൽ മെട്രോളജി വകുപ്പിൽ, നൂറ് ശതമാനം ഭാഷാമാറ്റം കൈവരിച്ചതായും, വകുപ്പിൽ നിന്നുമുള്ള ഫയലുകളെല്ലാം മലയാളത്തിലാണെന്നും, കോടതി, കേന്ദ്ര സർക്കാർ മറ്റ് സംസ്ഥാന സർക്കാരുമായിട്ടുള്ള കത്തിടപാടുകൾ തുടങ്ങിയവയെല്ലാം ഇംഗ്ലീഷിലാണെന്നും, സീനിയർ ഓഫീസർമാർ, സൂപ്പർവൈസർമാർ, ക്ലാർക്കുമാർ

തുടങ്ങിയവരെല്ലാം കമ്പ്യൂട്ടർ ഉപയോഗിച്ചുവരുന്നതായും എന്നാൽ അവർക്കെല്ലാം ഇംഗ്ലീഷാണ് അറിയാവുന്നതെന്നും, ഓൺലൈൻ സംവിധാനത്തിലേക്ക് മാറിയപ്പോൾ എല്ലാ ഉദ്യോഗസ്ഥർക്കും ഐ.എം.ജിയിൽ പരിശീലനം നൽകേണ്ടി വരുന്നതായും അല്ലെങ്കിൽ ഭരണ നവീകരണവും, അതോടൊപ്പമുള്ള ഭരണഭാഷാമാറ്റവും ഒരുമിച്ച് കൊണ്ട് പോകുവാൻ ബുദ്ധിമുട്ടായിരിക്കുമെന്നും, ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

111. വകുപ്പിലെ എല്ലാ ജീവനക്കാർക്കും കമ്പ്യൂട്ടറിൽ മലയാളം ഉപയോഗിക്കുന്നതിനു പരിശീലനം നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

പി. വിശ്വൻ,

തിരുവനന്തപുരം,
9-3-2010.

*അദ്ധ്യക്ഷൻ,*
*ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി.*

അനുബന്ധം

## സമിതിയുടെ നിർദ്ദേശങ്ങളും ശുപാർശകളും

| ക്രമ നമ്പർ | വകുപ്പ് | ഖണ്ഡിക നമ്പർ | ഖണ്ഡികയിലെ നിർദ്ദേശങ്ങൾ/ ശുപാർശകൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | പൊതുവായ ശുപാർശ | 5 | തെളിവെടുപ്പു യോഗങ്ങളിൽ ചില വകുപ്പ് സെക്രട്ടറിമാർ പങ്കെടുക്കാത്തതിൽ സമിതി അസംതൃപ്തി രേഖപ്പെടുത്തുകയും, വിവിധ വകുപ്പുകളിലെ ഭാഷാമാറ്റ പുരോഗതി സംബന്ധിച്ച് ചർച്ച നടത്തുന്ന തെളിവെടുപ്പു യോഗങ്ങളിൽ നിർബന്ധമായും ബന്ധപ്പെട്ട വകുപ്പു സെക്രട്ടറിമാർ സന്നിഹിതരാകുന്നതിനുവേണ്ട നിർദ്ദേശം നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 2 | ധനകാര്യ വകുപ്പ് (ട്രഷറി) | 17 | മലയാളഭാഷാമാറ്റ പുരോഗതി കൈവരിക്കുന്നുവെന്ന് പറയുമ്പോഴും ചെക്ക്, പെൻഷൻ ഫാറം, ചെലാൻ ഫാറം എന്നിവയൊന്നും തന്നെ ഇപ്പോഴും മലയാളത്തിലല്ലെന്ന വസ്തുത സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ട്രഷറി വകുപ്പിൽ പൊതുജനങ്ങളുമായി ബന്ധപ്പെട്ടു ഉപയോഗിക്കുന്ന എല്ലാ ഫോറങ്ങളും മലയാളത്തിൽ ആക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ശുപാർശ ചെയ്യുന്നു. |
| 3 | ദേശീയ സമ്പാദ്യ ഡയറക്ടറുടെ കാര്യാലയം | 19 | പോസ്റ്റാഫീസ് എന്ന ബോർഡ് മൂന്ന് ഭാഷകളിലും എഴുതുമ്പോൾ പാസ്സ് ബുക്കിലെ നിർദ്ദേശങ്ങൾ കൂടി മലയാളത്തിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| | | 20 | ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുന്നതിനുള്ള ശ്രമങ്ങൾ കൂടുതൽ ഊർജ്ജിതപ്പെടുത്തണമെന്നും, മണിഓർഡർ ഫോമിലുള്ളതുപോലെ പാസ്സ് ബുക്കിലും, മലയാളത്തിനുകൂടി സ്ഥാനം ലഭിക്കത്തക്ക വിധത്തിൽ ഫലപ്രദമായ ഇടപെടൽ വകുപ്പിന്റെ |

| (1) | (2) | (3) | (4) |
| --- | --- | --- | --- |
| | | | ഭാഗത്തു നിന്നും ഉണ്ടാകണമെന്നും ബിൽ ഫോറം മലയാളത്തിലാക്കുവാനുള്ള ശ്രമങ്ങൾ നടത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 4 | ആഭ്യന്തര വകുപ്പ് | 24 | കെമിക്കൽ എക്സാമിനേഷൻ ലബോറട്ടറിയിൽ ഉപയോഗിച്ചു വരുന്ന സാങ്കേതിക പദങ്ങൾ മലയാള ലിപിയിൽ എഴുതി പരിശോധന റിപ്പോർട്ട് മലയാളത്തിൽ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശചെയ്യുന്നു. |
| 5 | ജയിൽ വകുപ്പ് | 26 | എല്ലാ ഇംഗ്ലീഷ് പദങ്ങൾക്കും ഉചിതമായ മലയാള പദങ്ങളില്ലാത്തതിനാൽ ചില പ്രയോഗങ്ങൾ മലയാള ലിപിയിൽ തന്നെ എഴുതുന്നതാണ് അഭികാമ്യമെന്നും, ജയിൽ വകുപ്പിലെ ചട്ടങ്ങളുടെയും മാനുവലുകളുടെയും മലയാള പരിഭാഷ എത്രയും വേഗം തയ്യാറാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| | | 28 | ബ്രിട്ടീഷ് ഭരണത്തിനു ശേഷവും ഇവിടെ ഇംഗ്ലീഷ് ഭാഷയുടെ ഉപയോഗം തുടരുകയാണെന്നും, അന്തർദേശീയ ബന്ധങ്ങളൊക്കെ ഇംഗ്ലീഷിലാണെങ്കിലും, സംസ്ഥാനത്തിനകത്ത് ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാൻ നിഷ്കർഷിച്ചിട്ടുള്ള സാഹചര്യങ്ങൾ ഒഴിച്ചുള്ള കത്തിടപാടുകൾ നിർബന്ധമായും മലയാളത്തിൽതന്നെ ആയിരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 6 | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര ഔദ്യോഗിക ഭാഷാ വകുപ്പ് | 13 | മലയാളത്തിൽ ഔദ്യോഗിക നിഘണ്ടു, സർവ്വവിജ്ഞാന കോശം, സ്റ്റൈൽ ബുക്ക് എന്നിവ പരിഷ്ക്കരിച്ചു പ്രസിദ്ധീകരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| | ,, | 29 | ആഭ്യന്തര വകുപ്പിലെ ഫയലുകൾ കൃത്യമായും മലയാളത്തിലാണോ കൈകാര്യം ചെയ്യുന്നതെന്ന് പരിശോധിച്ച് കൃത്യമായി മൂന്ന് മാസത്തിലൊരിക്കൽ റിപ്പോർട്ട് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | തയ്യാറാക്കുവാനും ഭാഷാമാറ്റ പുരോഗതി കുറവുള്ള വകുപ്പുകളിൽ സൂക്ഷമ പരിശോധന നടത്തുവാനും ഔദ്യോഗിക ഭാഷാവകുപ്പിനോട് സമിതി പ്രത്യേകം നിർദ്ദേശിക്കുന്നു. |
| | | 36 | 'നിള', 'കാവേരി' സോഫ്റ്റ്‌വെയറുകൾ എല്ലാ സർക്കാർ വകുപ്പുകളിലും ഉപയോഗിക്കുവാൻ സാധ്യമാക്കുന്നതിനായി ഉദ്യോഗസ്ഥർക്ക് രണ്ട് ദിവസത്തെ പരിശീലനം നൽകുന്നതിനും സർക്കാർ ഓഫീസുകളിൽ ഈ സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 7 | പൊതുമരാമത്ത് വകുപ്പ് | 42 | പൊതുജനങ്ങളുമായി അധികമായി ബന്ധപ്പെടുന്ന വകുപ്പെന്ന നിലയിൽ സംസ്ഥാനത്തിനകത്തുള്ള കത്തിടപാടുകളെല്ലാം തന്നെ മലയാളത്തിലായിരിക്കണമെന്നും, അതിൽ വളരെ മോശമായ പുരോഗതി നിരക്കുള്ള വകുപ്പെന്ന നിലയിൽ പ്രസ്തുത ന്യൂനത പരിഹരിക്കുവാൻ വകുപ്പ് ഉദ്യോഗസ്ഥന്മാരിൽ നിന്നും ആത്മാർത്ഥമായ പരിശ്രമം ഉണ്ടാകണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| | ,, | 43 | സെക്രട്ടേറിയറ്റിലെ പൊതുമരാമത്ത് വകുപ്പിൽ നിന്നും ചീഫ് എഞ്ചിനീയർമാരുടെ ഓഫീസിൽ നിന്നും താഴെതലങ്ങളിലേക്ക് അയയ്ക്കുന്ന കത്തുകൾ നിർബന്ധമായും മലയാളത്തിൽ തന്നെ നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| | ,, | 44 | പി.ഡബ്ല്യു.ഡി. കോഡ്, മാനുവൽ, ഷെഡ്യൂൾ, ടെൻഡർ നോട്ടീസ് എന്നിവയെല്ലാം മലയാളത്തിൽ തർജ്ജമ ചെയ്യുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണമെന്നും ഇക്കാര്യത്തിലുള്ള പുരോഗതി ഔദ്യോഗിക ഭാഷാ വകുപ്പിനേയും സമിതിയേയും അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 8 | ഗതാഗതം വകുപ്പ് | 49 | കോടതി നടപടികൾ, അന്യസംസ്ഥാനങ്ങളിലേക്കും കേന്ദ്ര ഗവൺമെന്റിലേക്കും, വിദേശത്തേക്കും അയയ്ക്കുന്ന കത്തുകളുടെ കുറിപ്പ്, ഫയലുകൾ തുടങ്ങിയവ മലയാളത്തിൽ എഴുതിയാൽ അവ മലയാളത്തിലുള്ള ഫയലുകളായി കണക്കാക്കാവുന്നതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. |
| | ,, | 50 | ആർ.സി.ബുക്കിൽ ദ്വിഭാഷ ഉപയോഗിക്കുന്നതിനും, കെ.റ്റി.ഡി.എഫ്.സി യിൽ നിന്നുള്ള വായ്പ അപേക്ഷ ഇംഗ്ലീഷിലും മലയാളത്തിലും തയ്യാറാക്കണമെന്നും ആർ. ടി ഓഫീസിലെ ഡ്രൈവിംഗ് ലൈസൻസിനുള്ള അപേക്ഷാഫാറങ്ങൾ മലയാളഭാഷയിലാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| | ,, | 51 | വകുപ്പുമായി ബന്ധപ്പെട്ട എല്ലാ ഫാറങ്ങളും മലയാളത്തിൽ ആക്കുന്നതിനുള്ള നടപടി പൂർത്തിയാക്കി അച്ചടിച്ചു ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 9 | സാംസ്കാരികകാര്യ വകുപ്പ് & വിദ്യാഭ്യാസ വകുപ്പ് | 55 | ഔദ്യോഗികഭാഷ മലയാളമാക്കുന്നതിനും, മലയാളഭാഷയോട് ആഭിമുഖ്യം വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളിൽ സാംസ്കാരികകാര്യ വകുപ്പിനും, വിദ്യാഭ്യാസ വകുപ്പിനും ശ്രദ്ധ ചെലുത്താൻ കഴിയണമെന്നും, അതിന് വിപരീതമായിട്ടുള്ള പ്രതികരണങ്ങളെ മറികടന്ന് മലയാളഭാഷയെ നിലനിർത്തുവാനും, ഭരണഭാഷ മലയാളമാക്കുന്നത് നൂറ് ശതമാനമാക്കുന്നതിനുമായി വകുപ്പ് തലത്തിൽ ശക്തമായ ഇടപെടൽ അനിവാര്യമാണെന്നും സമിതി അഭിപ്രായപ്പെടുന്നു. |
| 10 | വ്യവസായ വാണിജ്യ വകുപ്പ് | 68 | വകുപ്പിലെ ചില പദങ്ങൾ മലയാളമാക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ, കോഡുകൾ, മാനുവലുകൾ, ഫോറങ്ങൾ എന്നിവയുടെ മലയാള പരിഭാഷ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും, കൂടാതെ ഫയലുകൾ മലയാളത്തിൽ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | കൈകാര്യം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും, വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ വരുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ ഭരണഭാഷ മലയാളമാക്കി വിജ്ഞാപനം പുറപ്പെടുവിക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്നും, വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽ പൊതുവെ മെച്ചപ്പെട്ട അവസ്ഥയുണ്ടായിട്ടുണ്ടെങ്കിലും അത് കുറച്ചുകൂടി ശക്തിപ്പെടുത്തുവാൻ നേതൃത്വപരമായി വ്യവസായ വകുപ്പ് സെക്രട്ടറിയുടെ ഇടപെടലുണ്ടാകണമെന്നും, ഭാഷാമാറ്റ പുരോഗതി സ്ഥിരമായി പരിശോധിപ്പിക്കുന്നതിനും വിലയിരുത്തുന്നതിനും ഒരു നോഡൽ ഓഫീസറെ നിയോഗിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| | | 69 | വ്യവസായ വകുപ്പിന്റെ കീഴിൽ വരുന്ന എല്ലാ സ്ഥാപനങ്ങളുടെയും ഭരണ റിപ്പോർട്ട് മലയാളത്തിൽ തന്നെ തയ്യാറാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 11 | നികുതി വകുപ്പ് | 75 | നികുതി വകുപ്പ് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വകുപ്പായതിനാൽ, ഉത്തരവുകളും മറ്റും മലയാളത്തിൽ കൈകാര്യം ചെയ്യണമെന്നും, ഫിനാൻഷ്യൽ ബിൽ ഉൾപ്പെടെയുള്ള കാര്യങ്ങളുടെ മൂലനിയമത്തിലും മലയാള വിവർത്തനം ഉണ്ടാകണമെന്നും, എങ്കിൽ മാത്രമേ നികുതി പിരിവ് അനായാസവും ലളിതവും ആകുകയുള്ളുവെന്നും എക്സൈസ് വകുപ്പിലും പരിഭാഷാസെൽ രൂപീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും, സെക്രട്ടേറിയറ്റ് തലത്തിൽ ഈ വിഷയം ഗൗരവമായി ചർച്ച ചെയ്ത് നികുതി വകുപ്പിൽ ഭരണഭാഷ മലയാളത്തിലാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 12 | നിയമ വകുപ്പ് | 79 | പരിഭാഷപ്പെടുത്തിയ ആക്ടുകളുടെ പട്ടിക സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു. ബുക്കിന്റെ പുറം ചട്ട ആകർഷ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | കമായ രീതിയിൽ അച്ചടിക്കണമെന്നും സർക്കാരിന്റെ കീഴിലുള്ള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി മുഖേനയും, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് മുഖേനയും പുസ്തകങ്ങൾ ഫലപ്രദമായ രീതിയിൽ വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| | നിയമ വകുപ്പ് | 82 | വകുപ്പിൽ ഭരണഭാഷാ വിജ്ഞാപനം പുറപ്പെടുവിക്കണമെന്നും, നിയമ വകുപ്പിലെ സ്പെഷ്യൽ സെക്രട്ടറി, ഔദ്യോഗികഭാഷ (നിയമനിർമ്മാണ) കമ്മീഷന്റെ അദ്ധ്യക്ഷനും സർക്കാരിന്റെ ഭരണഭാഷാ ഉന്നതതല കമ്മിറ്റി അംഗങ്ങളെന്ന നിലയിൽ കോടതി നടപടികൾ മലയാളത്തിലാക്കുന്നതിനാവശ്യമായ ചർച്ചകളോ ഇടപെടലുകളോ നടത്തേണ്ടതാണെന്നും അക്കാര്യങ്ങൾ സമിതിയെ അറിയിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു. |
| | | 83 | നിയമ വകുപ്പിൽ ഇംഗ്ലീഷിൽ ഫയലുകൾ കൈകാര്യം ചെയ്യേണ്ട ആവശ്യകതയുണ്ടെന്നും, നോട്ട് ഫയൽ പോലും മലയാളത്തിൽ എഴുതാൻ ശ്രദ്ധിക്കാത്ത അവസ്ഥ പരിഹരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 13 | കോടതി | 93 | ഹൈക്കോടതികളിലും കീഴ്ക്കോടതികളിലും കൈകാര്യം ചെയ്യുന്ന നിയമങ്ങളെല്ലാം മലയാളത്തിലാക്കണമെന്നും, കാലാകാലങ്ങളിൽ വരുന്ന എല്ലാ വിധിന്യായങ്ങളും മലയാളത്തിൽ തർജ്ജമ ചെയ്ത് വക്കീലന്മാർക്ക് നൽകണമെന്നും, ഗ്ലോസറി തയ്യാറാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| | | 94 | നിയമ വിദ്യാഭ്യാസത്തെ സംബന്ധിച്ച് അക്കാദമിക് കൗൺസിലും ബോർഡ് ഓഫ് കൗൺസിലും സർവ്വകലാശാലയുമെല്ലാം ചേർന്ന് നയപരമായി തീരുമാനമെടുക്കണമെന്നും ആയതിന് ബോർഡ് ഓഫ് കൗൺസിലിന്റെ അംഗീകാരം വേണമെന്നും |

| (1) | (2) | (3) | (4) |
| --- | --- | --- | --- |
| | | | സിലബസിൽ വരുന്ന മാറ്റങ്ങളും മീഡിയം ഓഫ് ഇൻസ്ട്രക്ഷനിൽ വരുന്ന മാറ്റങ്ങളും ഇന്ത്യൻ ബാർ കൗൺസിലും കേരള ബാർ കൗൺസിലും അംഗീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| | | 95 | ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ കീഴ്ക്കോടതികളിൽ ഔദ്യോഗിക ഭാഷ മലയാളത്തിൽ ആക്കുന്നതിനു വേണ്ടി മുന്നോടിയായി ചെയ്യേണ്ട ഏഴു നിർദ്ദേശങ്ങളിന്മേൽ സർക്കാർ ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന കാര്യം സമിതിയെ അറിയിക്കണമെന്ന് നിർദ്ദേശിക്കുന്നു. |
| 14 | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് | 104 | സമിതിയുടെ ജില്ലാതല അവലോകന യോഗങ്ങളിൽ ഉയർന്നു വന്നിട്ടുള്ള പ്രധാന പ്രശ്നം, സെക്രട്ടേറിയറ്റിൽ നിന്ന് വരുന്ന കത്തുകളും ഉത്തരവുകളും ഇംഗ്ലീഷിലാണെന്നും, ജില്ലാ- താലൂക്ക് തലങ്ങളിൽ മെച്ചപ്പെട്ട സ്ഥിതിയാണ് നിലവിലുള്ളതെന്നും, സെക്രട്ടേറിയറ്റിൽ നിന്നുമുള്ള ഉത്തരവുകളും കത്തിടപാടുകളും പരമാവധി മലയാളത്തിലാക്കുവാനുള്ള നടപടികൾ ഉണ്ടാകണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| | | 105 | ഭാഷാമാറ്റ പുരോഗതി വിലയിരുത്തുന്നതിനും ത്വരിതപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കണമെന്നും ഫയലുകൾ മലയാളത്തിൽ കൈകാര്യം ചെയ്യുന്നതിനുള്ള ശ്രമങ്ങൾ ഊർജ്ജിതമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| | | 106 | വകുപ്പിലെ കമ്പ്യൂട്ടറുകളിൽ മലയാളം സോഫ്റ്റ് വെയർ ലഭ്യമാക്കണമെന്നും, മലയാളത്തിലുള്ള വെബ്സൈറ്റ് സജ്ജീകരിച്ചോയെന്ന കാര്യവും സമിതിയെ അറിയിക്കണമെന്നും നിർദ്ദേശിക്കുന്നു. |
| 15 | ലീഗൽ മെട്രോളജി | 111 | വകുപ്പിലെ എല്ലാ ജീവനക്കാർക്കും കമ്പ്യൂട്ടറിൽ മലയാളം ഉപയോഗിക്കുന്നതിനു പരിശീലനം നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |